കെസിബിസി
മീഡിയ






# വത്തിക്കാൻ തരംഗം

Vol No.35 No.10 October 2025 Rs.5.00



**Prayerful Greetings & Best Wishes to**

# Bishop Antony Kattiparambil

green pastures
graze in grace

With School

Little love . . . Little care . . . Lingering light . . .

Where Young Minds *Bloom*

പച്ചപ്പുൽപ്പുറങ്ങൾ
graze in grace


Door No. 41/2610, Chittoor Road
Near Kasba Station, Kacheripady, Cochin 682018
+91 484 6539219, +91 9946659449
*greenpastures.gig@gmail.com*

വത്തിക്കാൻ തരംഗം
VATHICAN THARANGAM
October - 2025
RN. 55 178/94
പുസ്തകം- 35
Monthly
ലക്കം-10

# ഉള്ളടക്കം


- എഡിറ്റോറിയൽ ... 04
- നല്ല അമ്മയാണ് സഭ ... 05
- ജൂബിലി തീർത്ഥാടനത്തിനായി ... 12
- ഞാൻ നിങ്ങൾക്കൊപ്പം ... 16
- ക്രിസ്തു ജീവിക്കുന്നു ... 20
- വാഴ്ത്തപ്പെട്ട മദർ എലീശ്വാ ... 24
- ദൈവകൃപയുടെ പാത ... 28
- ഓർമ്മ ആദരം ... 33
- കരുതലോടെ കൈ പിടിച്ച് ... 36
- വാർത്തയും ചിന്തയും ... 38



*മുഖ്യരക്ഷാധികാരി*
- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി

*രക്ഷാധികാരികൾ*
- ആർച്ച്ബിഷപ്പ് മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

*ചീഫ് എഡിറ്റർ* • ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി



Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656


കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ



# സ്നേഹിക്കണം പാവങ്ങളെ; അപ്പോൾ ദൈവവും സംപ്രീതനാകും...

**EDITORIAL**



ഓരോ മനുഷ്യവ്യക്തിയും ദൈവത്താൽ സ്നേഹിക്കപ്പെട്ടതും ആഗ്രഹിക്കപ്പെട്ടതുമായ ആളാണ്. അതിനാൽ ഹനിക്കപ്പെടാൻ പാടില്ലാത്ത ഒരു മാഹാത്മ്യം മനുഷ്യനുണ്ട്– ഇങ്ങനെയൊരു പ്രബോധനം നമ്മെ അറിയിച്ചത് ഭാഗ്യസ്മരണാർഹമായ ഫ്രാൻസിസ് പാപ്പയാണ്. ഇപ്പോൾ ലെയോ പതിനാലാമൻ മാർപാപ്പയുടെ പുതിയ അപ്പസ്തോലിക പ്രബോധനമായ 'ദി ലേക് സിതേ ' യിലും (ഞാൻ നിന്നെ സ്നേഹിക്കുന്നു) ഈ ആശയത്തിന്റെ സുവർണ ഇതളുകൾ കാണാം. വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാൾ ദിനമായ ഒക്ടോബർ 4ന് പുറത്തിറക്കിയ ഈ വത്തിക്കാൻ രേഖയിൽ ദൈവത്തോടുള്ള സ്നേഹം എങ്ങനെ പാവപ്പെട്ടവരോടുള്ള സ്നേഹവുമായി ഉൾച്ചേർന്നിരിക്കുന്നുവെന്നാണ് പാപ്പ നമ്മെ ഉദ്ബോധിപ്പിക്കുന്നത്. ബെനഡിക്ട് പതിനാറാമൻ പാപ്പയുടെ ലൂമെൻ ഫീദെയി എന്ന അപ്പോസ്തലിക ലേഖനത്തിന്റെ തുടർച്ചയായുള്ള ഫ്രാൻസിസ് പാപ്പയുടെ ദി ലെക്സിത് നോസ് (അവൻ നമ്മെ സ്നേഹിച്ചു )ചാക്രിക ലേഖനത്തിലെ ആശയങ്ങളുടെ തുടർ പ്രതിപാദനമാണിത്. 121 ഖണ്ഡികളാണ് ഈ അപ്പസ്തോലിക ലേഖനത്തിലുള്ളത്. ദരിദ്രരോടുള്ള അവഗണന, സാമ്പത്തിക രംഗത്തെ അതിഗുരുതരമായ അസന്തുലിതാവസ്ഥ, സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളുടെ കുതിച്ചുയരൽ, പോഷകാഹാരത്തിന്റെ ലഭ്യത കുറവ്, വിദ്യാഭ്യാസ മേലഖയിലെ പ്രതിസന്ധി, കുടിയേറ്റം സംബന്ധിച്ച പ്രശ്നങ്ങൾ, നീതിയുടെ വ്യാപകമായ നിഷേധം എന്നിങ്ങനെ മാനവരാശി നേരിടുന്ന സമകാലിക സമസ്യകളുടെ പുനർവായനയാണ് ഈ അപ്പസ്തോലിക ലേഖനം ലക്ഷ്യമിടുന്നത്. ക്രിസ്തുവിന്റെ സ്നേഹം ദരിദ്രരെ സ്നേഹിച്ചുകൊണ്ട് ഓരോ ക്രൈസ്തവനും ജീവിതത്തിൽ പകർത്തേണ്ടതിന്റെ ആവശ്യകതയും അനിവാര്യതയും ലെയോ പതിനാലാമൻ പാപ്പ ഈ രേഖയിൽ അടിവരയിട്ടു പറയുന്നു. ഈ കാലഘട്ടത്തിൽ ഒരാൾ ദരിദ്രനാകുന്നതോ കിടപ്പാടമില്ലാത്തവനോ ആകുന്നത് ആ വ്യക്തിയുടെ വിധി കൊണ്ടല്ലെന്ന് പാപ്പ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. നമുക്ക് പാപ്പയുടെ വാക്കുകൾക്ക് കാതോർക്കാം. നമ്മുടെ വിശ്വാസജീവിതത്തെ ക്രമപ്പെടുത്താനുള്ള ശ്രമങ്ങളിൽ മുഴകാം. . ❍

**ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ**
ചീഫ് എഡിറ്റർ



# നല്ല അമ്മയാണു സഭ, മികച്ച അധ്യാപികയും : ലെയോ മാർപാപ്പ

SPECIAL REPORT

ബാബു കദളിക്കാട്



**വത്തിക്കാൻ സിറ്റി:** കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസ ദൗത്യം എക്കാലവും സുപ്രധാനമെന്ന് ചൂണ്ടിക്കാട്ടി ലെയോ പതിനാലാമൻ മാർപാപ്പയുടെ അപ്പസ്തോലിക ലേഖനം പുറത്തിറങ്ങി. യുദ്ധങ്ങൾ, കുടിയേറ്റങ്ങൾ, അസമത്വങ്ങൾ, വിവിധ തരത്തിലുള്ള ദാരിദ്ര്യം എന്നിവ മൂലമുണ്ടായ വിദ്യാഭ്യാസ അടിയന്തരാവസ്ഥയുടെ നാടകീയ സാഹചര്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ ഈ മേഖലയിൽ കൂടുതൽ പ്രതിബദ്ധതയോടെ സേവനം ചെയ്യുവാനുള്ള സഭയുടെ കടമയെ 'ഡിസെഞ്ഞാരെ നോവേ മാപ്പേ ദി സ്പെരാൻസാ' (പ്രത്യാശയുടെ പുതിയ ഭൂപടങ്ങൾ പരികല്പന ചെയ്യുക) എന്നു ശീർഷകമുള്ള ലേഖനം ഓർമ്മിപ്പിക്കുന്നു. 'നല്ല അമ്മയും അധ്യാപികയു'മായി തിളങ്ങുവാനുള്ള സഭാ ദൗത്യം പ്രധാനമാണെന്ന് ലിയോ പതിനാലാമൻ പാപ്പ ചൂണ്ടിക്കാട്ടുന്നു. ഇത് യാഥാർഥ്യമാകുന്നത് ആധിപത്യത്തിലൂടെയല്ല, മറിച്ച് സേവനത്തിലൂടെയാണെന്നും ലേഖനം എടുത്തുകാണിക്കുന്നു. കർശനമായ സൂത്രവാക്യങ്ങളല്ല വിദ്യാഭ്യാസ സൂചകങ്ങൾ; അവ ഓരോ കാലഘട്ടത്തിന്റെയും ആവശ്യങ്ങളോടുള്ള യഥാർത്ഥ പ്രതികരണങ്ങളാണെന്നും വിദ്യാഭ്യാസം ഒരു കൂട്ടായ്മയുടെ പ്രവർത്തനം ആണെന്നും പാപ്പ പറയുന്നു. 'ദരിദ്രരുടെ വിദ്യാഭ്യാസം, ക്രിസ്തീയ വിശ്വാസത്തെ സംബന്ധിച്ച ഉപകാര കർമ്മത്തേക്കാളുപരി ഒരു കടമയാണ്.'

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



*നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ്ണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...*

*ജീസസ് ആന്റ് മേരി സന്യാസസഭ*

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**

## അവിഭാജ്യ ഘടകം

വിദ്യാഭ്യാസം, സുവിശേഷവത്ക്കരണത്തിന്റെ അവിഭാജ്യഘടകമാണെന്ന് എടുത്തു പറയുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയായ ഗ്രവിസിമും എദുക്കാത്സിയോണിസ് (Gravissimum educationis) പ്രസിദ്ധീകരിച്ചതിന്റെ അറുപതാം വാർഷികത്തിലാണ് 'പ്രത്യാശയുടെ പുതിയ ഭൂപടങ്ങൾ പരികല്പന ചെയ്യുക' പിറന്നത്. ദ്രുതഗതിയിലുള്ള മാറ്റങ്ങളുടെയും ദിശാബോധമില്ലാത്ത അനിശ്ചിതത്വങ്ങളുടെയും പശ്ചാത്തലത്തിൽ, വിദ്യാഭ്യാസ മേഖലകൾ, ക്രിസ്തുവിന്റെ വചനത്താൽ നയിക്കപ്പെടാൻ അനുവദിക്കണമെന്നു ലേഖനത്തിൽ അടിവരയിടുന്നു. എല്ലാറ്റിനെയും നവമാക്കുന്ന സുവിശേഷം, വിദ്യാഭ്യാസത്തിൽ അറിവും അർത്ഥവും കൈമാറുന്നതിനുള്ള പുതിയ സാധ്യതകൾ തുറക്കുന്നു. സാധാരണക്കാരുടെ വിദ്യാഭ്യാസത്തിനു വേണ്ടി സഭ നടത്തിയ അക്ഷീണമായ പ്രവർത്തനങ്ങളും, ആഗോള വിദ്യാഭ്യാസ തലത്തിൽ നൽകിയ സംഭാവനകളും പാപ്പാ ചൂണ്ടിക്കാണിക്കുന്നു.

വിദ്യാഭ്യാസം ഒരു കൂട്ടായ്മയുടെ പ്രവർത്തനമാണ്. വിശുദ്ധ തോമസ് അക്വിനാസിനൊപ്പം സഭയുടെ വിദ്യാഭ്യാസ ദൗത്യത്തിന്റെ സഹരക്ഷാധികാരിയായി വിശുദ്ധ ജോൺ ഹെന്റി ന്യൂമാനെ പ്രഖ്യാപിക്കുന്നതായും ലേഖനത്തിലൂടെ പാപ്പാ അറിയിച്ചു. ചോദ്യങ്ങളെ നിശ്ശബ്ദമാക്കാത്ത, സംശയം പുറന്തള്ളാത്ത, ഹൃദയവുമായി സംഭാഷണം നടത്തുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ രീതി. മനുഷ്യരാശിയുടെ ഭാവിയിൽ നാം കാണുന്ന വാഗ്ദാനത്തെ പ്രകടമാക്കുന്നതാണ് വിദ്യാഭ്യാസമെന്നും, അത് തലമുറകളിലേക്ക് കൈമാറുന്ന സ്നേഹത്തിന്റെ ഒരു ദൗത്യമാണെന്നും പാപ്പാ പഠിപ്പിക്കുന്നു.

## കുടുംബം ആദ്യ വിദ്യാലയം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയായ ഗ്രവിസിമും എദുക്കാത്സിയോണിസ് ഓരോ വ്യക്തിയുടെയും വിദ്യാഭ്യാസത്തിനുള്ള അവകാശം ഊട്ടിയുറപ്പിക്കുകയും, മാനവികതയുടെ ആദ്യത്തെ വിദ്യാലയമായി  കുടുംബത്തെ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. വിശ്വാസത്തെയും, സംസ്കാരത്തെയും സമന്വയിപ്പിക്കുന്ന പരിതഃസ്ഥിതികളെ പിന്തുണയ്ക്കാനും, എല്ലാവരുടെയും അന്തസ്സിനെ ബഹുമാനിക്കാനും, സമൂഹവുമായുള്ള സംഭാഷണത്തിനും ഈ പ്രമാണരേഖ  നമ്മെ ആഹ്വാനം ചെയ്തു- പാപ്പാ അനുസ്മരിപ്പിക്കുന്നു.വിദ്യാഭ്യാസവും അതിന്റെ മൂല്യവും കാര്യക്ഷമതയുടെ അച്ചുതണ്ടിൽ മാത്രം വിലയിരുത്തേണ്ടതല്ല. അത് അന്തസ്സ്, നീതി, പൊതുനന്മ സേവിക്കാനുള്ള കഴിവ് എന്നിവയിൽ അളക്കപ്പെടുന്നു. സംഘർഷങ്ങളും ഭയങ്ങളും അടയാളപ്പെടുത്തിയ ഒരു ലോകത്ത് വിശ്വാസം പുനഃസ്ഥാപിക്കുക എന്ന ദൗത്യം കത്തോലിക്കാ വിദ്യാഭ്യാസത്തിനുണ്ടെന്നും 'ഞങ്ങൾ കുട്ടികളാണ്, അനാഥരല്ല എന്ന അവബോധത്തിൽ നിന്നാണ് സാഹോദര്യം ജനിക്കുന്നതെ'ന്നും പാപ്പാ ചൂണ്ടിക്കാട്ടി.

ആന്തരിക ജീവിതത്തെ രൂപപ്പെടുത്തുന്നതിനും, വിദ്യാഭ്യാസം  ചെലുത്തുന്ന സ്വാധീനത്തെ പാപ്പാ അടിവരയിട്ടു പറഞ്ഞു. കത്തോലിക്കാ വിദ്യാഭ്യാസം ഒരു ദീപസ്തംഭമായി ഏവർക്കും അനുഭവിക്കുവാൻ ഇടയാകട്ടെയെന്നും, സുവിശേഷത്തോടുള്ള വിശ്വസ്തത നഷ്ടപ്പെടാതെ, വെല്ലുവിളികളെ പ്രത്യാശയോടെ നേരിടുവാനുള്ള കഴിവ് ഈ പ്രവർത്തങ്ങളിൽ ഉണ്ടാകട്ടെയെന്നും പാപ്പാ ആശംസിച്ചു. ഇന്നത്തെ  ലോകത്തിൽ, സാങ്കേതികവിദ്യകൾ, പഠന പ്രക്രിയയെ സമ്പന്നമാക്കണം. ഈ ഇടങ്ങളിൽ വസിക്കുന്നതിന്, അജപാലന സർഗ്ഗാത്മകത ആവശ്യമാണ്. ഡിജിറ്റൽ തലത്തിൽ അധ്യാപകരുടെ പരിശീലനം ശക്തിപ്പെടുത്തണം. സാങ്കേതിക പുരോഗതി ദൈവത്തിന്റെ സൃഷ്ടി പദ്ധതിയുടെ ഭാഗമാണെന്നും, അതിനാൽ അവയെ ശത്രുതാപരമായ ഒന്നായി കണക്കാക്കരുതെന്നും പാപ്പാ പറഞ്ഞു.




**മാനസാന്തര വേള**

ജീവിതം അതിന്റെ അർത്ഥം കണ്ടെത്തുന്നത്, യാത്രയിലാണെന്നും, ജൂബിലി വർഷത്തെ തീർത്ഥാടനം ഇപ്രകാരം, ജീവിതത്തിന്റെ അർത്ഥം നമ്മെ ബോധ്യപ്പെടുത്തുന്നതാണെന്നും എടുത്തു പറഞ്ഞുകൊണ്ട്, ഒക്ടോബർ ഇരുപത്തിയേഴിന് പൊന്തിഫിക്കൽ സർവകലാശാലകളിലെ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും വേണ്ടി ലെയോ പതിനാലാമൻ പാപ്പാ അർപ്പിച്ച വിശുദ്ധ ബലിമദ്ധ്യേ വചനസന്ദേശം നൽകി.'ജൂബിലി കാലഘട്ടം നമുക്ക് മാനസാന്തരത്തിനുള്ള അവസരമാണ്. യേശുവിനെ അനുഗമിക്കണം. അവന്റെ പുനരുത്ഥാനത്തിൽ പങ്കാളികളാകുവാൻ, പ്രത്യാശയിൽ വളരണം'– പാപ്പാ ആഹ്വാനം ചെയ്തു.അതിർത്തികൾക്കപ്പുറം വീക്ഷണങ്ങൾ ഉറപ്പിച്ചുകൊണ്ട്, വിശാലമായ ദർശനത്തിന്റെ അഭിരുചിയാർന്നതാകട്ടെ ഓരോ സർവകലാശാലയും പഠിതാവിന്റെയും, ഗവേഷകന്റെയും ജീവിതശൈലി.

മനുഷ്യർ തങ്ങൾക്കപ്പുറം, സ്വന്തം അനുഭവങ്ങൾ, ആശയങ്ങൾ,




ബോധ്യങ്ങൾ എന്നിവയ്ക്കപ്പുറം, സ്വന്തം പദ്ധതികൾക്കപ്പുറം, മറ്റുള്ളവയെ കാണാൻ കഴിയാത്തപ്പോൾ, അവർ തടവിലാക്കപ്പെടുകയും അടിമകളായി തുടരുകയും പക്വതയുള്ള വിധിന്യായങ്ങൾ രൂപപ്പെടുത്താൻ കഴിവില്ലാത്തവരായി തുടരുകയും ചെയ്യുന്നുവെന്നു പാപ്പാ കൂട്ടിച്ചേർത്തു.

അതിനാൽ സ്വാർത്ഥ കാഴ്ചപ്പാടിന്റെ തടവുകാരായി നാം തുടരരുത്. ജീവിതത്തിൽ പ്രാധാന്യമുള്ള പല കാര്യങ്ങളും നമ്മിൽ നിന്നല്ല, മറിച്ച് മറ്റുള്ളവരിൽ നിന്നുമാണ് നാം പഠിക്കേണ്ടതെന്നും, അത് നമുക്ക് കൃപയുടെ ഒരു അനുഭവം പ്രദാനം ചെയ്യുന്നുവെന്നും പാപ്പാ പറഞ്ഞു. ജീവിതത്തിനും അതിന്റെ യാഥാർത്ഥ്യത്തിനും മുന്നിൽ നിവർന്നു നിൽക്കുവാനും, വിശാലമായ കാഴ്ചപ്പാടോടെ അവയെ നോക്കാനും കർത്താവ് നൽകുന്ന രോഗശാന്തി വളരെ പ്രധാനമാണ്.

ഇപ്രകാരം അപരോന്മുഖമായി വിശാലമായ കാഴ്ചപ്പാടുകൾ വളർത്തിയെടുക്കുന്നവർ, ദൈവത്തിലേക്കും മറ്റുള്ളവരിലേക്കും ജീവിതത്തിന്റെ രഹസ്യത്തിലേക്കും കൂടുതൽ ഉയർത്തപ്പെടുന്നുവെന്നും പാപ്പാ പറഞ്ഞു.

## ബൗദ്ധിക വ്യായാമമല്ല പഠനം

ദൈവശാസ്ത്രം, തത്ത്വചിന്ത, മറ്റ് വിഷയങ്ങൾ എന്നിവയുടെ പഠനം ആത്മീയതയ്ക്ക് ആവശ്യമാണെന്നും, അവയിൽ വൈദഗ്ധ്യം നേടുമ്പോഴും, വിശാലമായ കാഴ്ചപ്പാടുകൾ നമുക്ക് കൈമോശം വരുന്നുവെന്നത് യാഥാർഥ്യമാണെന്നു പാപ്പാ ചൂണ്ടിക്കാണിച്ചു. എന്നാൽ വിശാല കാഴ്ചപ്പാടുകളാണ് സഭയ്ക്ക് ഏറെ ആവശ്യം.

നമ്മുടെ ബൗദ്ധിക ശ്രമങ്ങളിലും സത്യത്തിനായുള്ള അന്വേഷണത്തിലും ജീവിതസ്പർശിയായ കൃപ നേടുവാനാകണം. അമൂർത്ത ബൗദ്ധിക വ്യായാമമായി പഠനങ്ങൾ മാറാതെ, അത് ജീവിതത്തെ പരിവർത്തനം ചെയ്യാൻ സഹായിക്കുന്നതും, ഐക്യം ഊട്ടിയുറപ്പിക്കുന്നതുമാകണം. സ്വയാവബോധത്തിനും, അറിവുള്ള മനഃസാക്ഷിക്കും, വിമർശനാത്മക ചിന്തയ്ക്കും കാരണമാകത്തക്ക രീതിയിൽ ആളുകളെ ഉയർത്തു

ന്ന വിദ്യാഭ്യാസം യേശുവിന്റെ പ്രവൃത്തിയാണ്. അത് തുടരുവാനും, തനിച്ചല്ലെന്നും നാം ആരുടെയെങ്കിലും സ്വന്തമാണെന്നുള്ള ബോധ്യത്തിൽ വളരുവാനും ഏവർക്കും സാധിക്കട്ടെയെന്നു പാപ്പാ ആശംസിച്ചു.

## കല്പിക്കാനല്ല വിളി

സഭയ്ക്കുള്ളിൽ വിശ്വാസികൾ ശ്രവിക്കപ്പെടുന്നതിനും കൂടിയാലോചനയിൽ പങ്കാളികളാക്കപ്പെടുന്നതിനും വഴിയൊരുക്കുന്ന സംഘടനകളുടെയും സിനഡൽ സംഘത്തിന്റെയും ജൂബിലി ആഘോഷത്തിന്റെ സമാപനത്തിൽ, ലെയോ പതിനാലാമൻ പാപ്പാ വിശുദ്ധ ബലിയർപ്പിച്ച് വചന സന്ദേശം നൽകി.'പിതാവായ ദൈവത്തിന്റെ സ്നേഹ ആലിംഗനത്തിൽ മനുജകുലം മുഴുവൻ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു ' – ദൈവവും മാനവികതയും തമ്മിലുള്ള ഐക്യത്തിന്റെ പ്രകടമായ അടയാളമാണ് സഭ എന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഉദ്ബോധനം ഓർമ്മപ്പെടുത്തിക്കൊണ്ട് വചനസന്ദേശത്തിൽ പാപ്പാ പറഞ്ഞു. ബന്ധങ്ങൾ അധികാരത്തിന്റെ യുക്തിയോടല്ല, മറിച്ച് സ്നേഹത്തിന്റെ യുക്തിയോടാണ് പ്രതികരിക്കുന്നത്. ക്രിസ്തീയ സമൂഹത്തിൽ പ്രഥമസ്ഥാനം ആത്മീയ ജീവിതത്തെക്കുറിച്ചാണ്, ഇത് നാമെല്ലാവരും ദൈവത്തിന്റെ മക്കളാണെന്നും നാം സഹോദരീസഹോദരന്മാരാണെന്നും പരസ്പരം സേവിക്കാൻ വിളിക്കപ്പെട്ടവരാണെന്നും നമ്മെ ബോധ്യപ്പെടുത്തുന്നു.സിനഡൽ സംഘത്തിന്റെയും സഭയ്ക്കുള്ളിലെ പങ്കാളിത്ത സമിതികളുടെയും ജൂബിലി ആഘോഷിക്കുന്നതിലൂടെ, സഭയുടെ രഹസ്യത്തെക്കുറിച്ച് കൂടുതൽ ധ്യാനിക്കുവാനും, അതിനെ സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിൽ വളരുവാനും നമുക്ക് സാധിക്കുന്നുവെന്നു പാപ്പാ പറഞ്ഞു.

## പരസ്പരം ശ്രവിക്കണം

'സഭയിലെ പരമോന്നത ഭരണം സ്നേഹമാണ്: കല്പിക്കാൻ ആരും വിളിക്കപ്പെടുന്നില്ല, എല്ലാവരും സേവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു; ആരും അവരുടെ ആശയങ്ങൾ അടിച്ചേൽപ്പിക്കരുത്, നാമെല്ലാവരും പരസ്പരം ശ്രവിക്കണം; ആരും ഒഴിവാക്കപ്പെടുന്നില്ല, നാമെല്ലാവരും പങ്കു ചേരുവാൻ വിളിക്കപ്പെട്ടിരിക്കുന്നു; ആർക്കും മുഴുവൻ സത്യവും ഇല്ല, നാമെല്ലാവരും താഴ്മയോടെ, കൂട്ടായ്മയിൽ അത് അന്വേഷിക്കണം'.

ക്രിസ്ത്യാനികൾ ഒരുമിച്ച് നടക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു, ഒരിക്കലും ഏകാന്ത യാത്രക്കാരായി അല്ല. ദൈവത്തിലേക്കും നമ്മുടെ സഹോദരീസഹോദരന്മാരിലേക്കും പോകാൻ നമ്മിൽ നിന്ന് പുറത്തുപോകാനുള്ള ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനവും പാപ്പാ അടിവരയിട്ടു പറഞ്ഞു. ചുങ്കക്കാരനും, ഫരിസേയനും ദേവാലയത്തിൽ നടത്തിയ പ്രാർത്ഥനയുടെ ആത്മീയ വിശകലനവും പാപ്പാ നൽകി.മറ്റുള്ളവരെക്കാൾ മെച്ചമാണെന്ന അവകാശവാദം, ഈ വചനത്തിലെ വ്യക്തികളെപോലെ , വിഭജനം സൃഷ്ടിക്കുകയും സമൂഹത്തെ ന്യായവിധിയുടെയും ബഹിഷ്കരണത്തിന്റെയും സ്ഥലമാക്കി മാറ്റുകയും ചെയ്യുന്നുവെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. അതിനാൽ, സഭയിൽ നാമെല്ലാവരും ദൈവത്തെ ആവശ്യമുള്ളവരാണെന്നും, പരസ്പരം ആവശ്യമുള്ളവരാണെന്നും പരസ്പര സ്നേഹത്തിൽ കൂട്ടായ്മയിൽ വളരേണ്ടവരാണെന്നുമുള്ള ബോധ്യം വളർത്തിയെടുക്കുവാനാകണം. ഐക്യവും വൈവിധ്യവും, പാരമ്പര്യവും പുതുമയും, അധികാരവും പങ്കാളിത്തവും തമ്മിലുള്ള പിരിമുറുക്കങ്ങളെ ആത്മവിശ്വാസത്തോടെയും പുതിയ ചൈതന്യത്തോടെയും ജീവിക്കാൻ ക്രിസ്തുവിന്റെ ചിന്തകൾ നമ്മുടേതാക്കി മാറ്റണം. മാനവികതയുടെ പാദങ്ങൾ കഴുകാൻ സ്വയം താഴ്ന്ന ഒരു സഭയായിരിക്കണം നമ്മുടേതെന്നും പാപ്പാ ഓർമ്മപ്പെടുത്തി. ❍

പി.ഒ.സി
വാങ്മയം

# സിപ്പിമാഷിനോടൊപ്പം

## ഇത്തിരി സാഹിത്യചിന്തകൾ

നവംബർ 17

പി.ഒ.സി. പാലാരിവട്ടം




**കേരള കത്തോലിക്കാ മെത്രാൻ സമിതി**



# റോമിൽ ജൂബിലി തീർത്ഥാടനത്തിനായി വിശ്വാസികളുടെ മഹാസാഗരം

SPECIAL REPORT

**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി



**വത്തിക്കാൻ:** ജൂബിലി വത്സരാചരണ പശ്ചാത്തലത്തിൽ റോമിലേക്കുള്ള തീർത്ഥാടകരുടെയും സന്ദർശകരുടെയും പ്രവാഹം തുടരുന്നു. പാപ്പാ ഒക്ടോബർ 26 ന മദ്ധ്യാഹ്നത്തിൽ വത്തിക്കാനിൽ നയിച്ച പ്രാർത്ഥനയിൽ പങ്കുകൊള്ളുന്നതിന് വിവിധരാജ്യങ്ങളിൽ നിന്നെത്തിയിരുന്നവരുടെ ബാഹുല്യം അതിന്റെ പ്രതിഫലനമായിരുന്നു. ആയിരക്കണക്കിന് വിശ്വാസികൾ, വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ തുറസ്സായ അങ്കണത്തിൽ സന്നിഹിതരായിരുന്നു.

ലത്തീൻ റീത്തിലെ ആരാധനാക്രമമനുസരിച്ച് ആ ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കപ്പെട്ട ലൂക്കായുടെ സുവിശേഷം അദ്ധ്യായം 18: 9– 14 വാക്യങ്ങൾ അടിസ്ഥാനമാക്കിയായിരുന്നു പാപ്പാ നടത്തിയ വിചിന്തനം. പ്രാർത്ഥിക്കാൻ ദേവാലയത്തിലെത്തിയ രണ്ടുപേരുടെ അതായത് സ്വയം പുകഴ്ത്തി അപരനെ ഇകഴ്ത്തിക്കാണിക്കുന്ന ഫരിസേയന്റെയും പാപബോധത്താൽ മാറത്തടിച്ചു കരഞ്ഞുകൊണ്ട് കരുണയ്ക്കായി പ്രാർത്ഥിക്കുന്ന ചുങ്കക്കാരന്റെയും ഉപമ.

'പ്രഥമൻ തന്റെ യോഗ്യതകളുടെ ഒരു നീണ്ട പട്ടിക നിരത്തി ആത്മപ്രശംസ ചെയ്യുന്നു. അവൻ ചെയ്യുന്ന സൽപ്രവൃത്തികൾ നിരവധിയാണ്, ഇക്കാരണത്താൽ താൻ മറ്റുള്ളവരെക്കാൾ മികച്ചവനാണെന്നു കരുതുകയും അപരരെ അവജ്ഞയോടെ വിധിക്കുകയും ചെയ്യുന്നു.' അവൻ തലയുയർത്തി നിൽക്കുന്നു. അഹങ്കാരം തെളിഞ്ഞുനില്ക്കുന്ന അവന്റെ മനോഭാവം നിയമത്തിന്റെ കൃത്യമായ പാലനത്തെ സൂചിപ്പിക്കുന്നു, അതെ, എന്നാൽ അത് സ്നേഹത്തിൽ ശുഷ്ക്കമാണ്, കരു

ണാരഹിതം ആയ, 'കൊടുക്കലും' 'വാങ്ങലും', കടങ്ങളും നിക്ഷേപങ്ങളും കൊണ്ട് കെട്ടിപ്പടുത്തതാണ്. ചുങ്കക്കാരനും പ്രാർത്ഥിക്കുന്നു, എന്നാൽ വളരെ വ്യത്യസ്തമായ രീതിയിൽ. അവന് ക്ഷമിക്കപ്പെടേണ്ട ധാരാളം കാര്യങ്ങളുണ്ട്: അവൻ റോമൻ സാമ്രാജ്യത്തിന്റെ ശമ്പളം വാങ്ങുന്ന ഒരു ചുങ്കക്കാരനാണ്, സ്വന്തം നാട്ടുകാർക്ക് ദോഷകരമാംവിധം വരുമാനത്തെക്കുറിച്ച് ഊഹക്കണക്കുകൂട്ടാൻ അനുവദിക്കുന്ന ഒരു കരാറിൻ കീഴിലാണ് അയാൾ ജോലി ചെയ്യുന്നത്. എന്നിരുന്നാലും, ഉപമയുടെ അവസാനം, യേശു നമ്മോട് പറയുന്നു, ഈ രണ്ടുപേരിൽ, അവനാണ് 'നീതീകരിക്കപ്പെട്ടത്'. അതായത്, ദൈവവുമായുള്ള കൂടിക്കാഴ്ചയാൽ ക്ഷമിക്കപ്പെടുകയും നവീകരിക്കപ്പെടുകയും ചെയ്ത്, വീട്ടിലേക്ക് മടങ്ങുന്നത് എന്ന്. അത് എന്തുകൊണ്ട്?

## സ്വയം അടച്ചുപൂട്ടരുത്

ചുങ്കക്കാരന് ദൈവമുമ്പാകെ സ്വയം വെളിപ്പെടുത്താനുള്ള ധൈര്യവും എളിമയും ഉണ്ട്. അവൻ സ്വന്തം ലോകത്തിൽ സ്വയം അടച്ചുപൂട്ടുന്നില്ല, അവൻ ചെയ്തുപോയ തിന്മയ്ക്ക് സ്വയം കീഴടങ്ങുന്നില്ല. മറ്റുള്ളവരുടെ മേൽ പ്രയോഗിക്കുന്ന അധികാരത്താൽ താൻ സംരക്ഷിതനായിരുന്ന ഇടങ്ങൾ അവൻ ഉപേക്ഷിക്കുന്നു. രൂക്ഷമായ നോട്ടങ്ങളും പരുഷമായ വിധികളും നേരിടേണ്ടി വന്നാലും, അകമ്പടിയില്ലാതെ അവൻ ഒറ്റയ്ക്ക് ദേവാലയത്തിലെത്തുന്നു.'ദൈവമേ, പാപിയായ എന്നിൽ കനിയണമേ' (വാക്യം 13) എന്ന വാക്കുകൾ ഉച്ചരിച്ചുകൊണ്ട് അവൻ പിന്നിൽ തല കുനിച്ച് കർത്താവിനു മുമ്പിൽ നിൽക്കുന്നു. അങ്ങനെ, യേശു നമുക്ക് ശക്തമായ ഒരു സന്ദേശം നൽകുന്നു: നമ്മുടെ സ്വന്തം യോഗ്യതകൾ വെളിപ്പെടുത്തുന്നതിലൂടെയോ, നമ്മുടെ തെറ്റുകൾ മറച്ചുവെക്കുന്നതിലൂടെയോ അല്ല, മറിച്ച് നമ്മൾ നാം ആയിരിക്കുന്നതു പോലെ ദൈവമുമ്പാകെയും അവനവന്റെയും മറ്റുള്ളവരുടെയും മുന്നിലും സത്യസന്ധമായി അവതരിപ്പിക്കുകയും ക്ഷമ ചോദിക്കുകയും കർത്തൃ കൃപയ്ക്ക് നമ്മെത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നതിലൂടെയാണ് നാം രക്ഷിക്കപ്പെടുന്നത്. ഈ സംഭവം വ്യാഖ്യാനിക്കുമ്പോൾ, വിശുദ്ധ അഗസ്റ്റിൻ ഫരിസേയനെ, ലജ്ജയും അഹങ്കാരവും കാരണം, വൈദ്യനിൽ നിന്ന് തന്റെ മുറിവുകൾ മറയ്ക്കുന്ന ഒരു രോഗിയോടും, ചുങ്കക്കാരനെ, വിനയത്തോടും വിവേകത്തോടും കൂടി, വൈദ്യന്റെ മുമ്പാകെ തന്റെ മുറിവുകൾ എത്ര മോശമാണെങ്കിലും അവ വെളിപ്പെടുത്തി, സഹായം അഭ്യർത്ഥിക്കുന്ന ഒരുവനോടും ഉപമിക്കുന്നു. വിശുദ്ധ അഗസ്റ്റിൻ ഉപസംഹരിക്കുന്നു: 'തന്റെ രോഗബാധിതമായ ഭാഗം കാണിക്കാൻ ലജ്ജിക്കാത്ത ആ ചുങ്കക്കാരൻ സുഖം പ്രാപിച്ച് മടങ്ങിപ്പോയത് നമ്മെ അത്ഭുതപ്പെടുത്തുന്നില്ല' .

നമ്മുടെ തെറ്റുകൾ അംഗീകരിക്കാനും അവ തുറന്നുകാട്ടാനും അവയുടെ ഉത്തരവാദിത്വം ഏറ്റെടുക്കാനും, ദൈവത്തിന്റെ കാരുണ്യത്തിന് അവ ഭരമേൽപ്പിക്കാനും നാം ഭയപ്പെടേണ്ട. അങ്ങനെ, അവന്റെ രാജ്യം നമ്മിലും നമ്മുടെ ചുറ്റുപാടും വളരും, അത് അഹങ്കാരികളുടേതല്ല, മറിച്ച് എളിമയുള്ളവരുടേതാണ്. സത്യസന്ധത, ക്ഷമ, കൃതജ്ഞത എന്നിവയിലൂടെ പ്രാർത്ഥനയിലും ജീവിതത്തിലും വളർത്തിയെടുക്കപ്പെടുന്ന ഒരു രാജ്യമാണത്.

## വാക്കിനപ്പുറത്തെ വിനയം

ബാഗ്ദാദിലെ പുതിയ പേപ്പൽ പ്രതിനിധിയായ മോൺസിഞ്ഞോർ മിറോസ്ലാവ് സ്റ്റാനിസ്ലാവ് വഹോവ്സ്കിയുടെ മെത്രാഭിഷേക ചടങ്ങിൽ ലിയോ പതിനാലാമൻ പാപ്പാ മുഖ്യകാർമ്മികത്വം വഹിച്ചു. സമാധാനപരമായ സഹവർത്തിത്വത്തെ പ്രേ



ോത്സാഹിപ്പിക്കാനും, മറ്റ് മതങ്ങളുമായി സഹകരണത്തിൽ മുൻപോട്ടുപോകുവാനും പാപ്പാ പുതിയ ഇടയനോട് ആഹ്വാനം ചെയ്തു.
'അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, അവൻ സ്നേഹിക്കുന്ന മനുഷ്യർക്ക് ഭൂമിയിൽ സമാധാനം' എന്ന വചനത്തെ അടിസ്ഥാനമാക്കിയ മോൺസിഞ്ഞോർ മിറോസ്ലാവ് സ്റ്റാനിസ്ലാവ് വഹോവ്സ്കിയുടെ മുദ്രാവാക്യം ഓരോ ക്രൈസ്തവ വിളിയുടെയും, പ്രത്യേകിച്ച്, മെത്രാനടുത്ത വിളിയുടെയും അഗാധമായ അർത്ഥം വെളിപ്പെടുത്തുന്നു. 'തന്നെത്തന്നെ പൂർണ്ണമായും സമർപ്പിക്കുന്നവരുടെ പ്രാർത്ഥന ദൈവം കേൾക്കുന്നു' എന്ന വചനം ഓർമ്മപ്പെടുത്തിയ പാപ്പാ, ഓരോ ഇടയനും എളിമയാർന്ന ഹൃദയത്തോടെ ജീവിക്കേണ്ടതിന്റെ ആവശ്യകതയും എടുത്തുപറഞ്ഞു. എന്നാൽ ഇത് വാക്കുകളുടെ വിനയമല്ല, മറിച്ച് തങ്ങൾ യജമാനന്മാരല്ല, ദാസന്മാരാണെന്ന് അറിയുന്നവരുടെ ഹൃദയത്തിൽ വസിക്കുന്ന വിനയമാണെന്നും പാപ്പാ കൂട്ടിച്ചേർത്തു. ക്ഷമയോടെ വിതയ്ക്കാനും ബഹുമാനത്തോടെ കൃഷി ചെയ്യാനും പ്രത്യാശയോടെ കാത്തിരിക്കാനും മെത്രാൻ ശുശ്രൂഷ വിളിക്കുന്നുവെന്നും, അദ്ദേഹം ഉടമസ്ഥനല്ല, മറിച്ച് സൂക്ഷിപ്പുകാരനാണെന്നും പാപ്പാ പറഞ്ഞു. സുവിശേഷത്തിന്റെ സത്യത്തോടുള്ള അനുസരണമായി, വിവേചനാധികാരത്തോടും കഴിവോടും കൂടി, സമൂഹത്തിന്റെ വിവിധ മേഖലകളിൽ മോൺസിഞ്ഞോർ മിറോസ്ലാവ് ചെയ്ത വിവിധ സേവനങ്ങളെ പാപ്പാ നന്ദിയോടെ സ്മരിച്ചു.എല്ലാ സഭകളോടും പത്രോസിന്റെ പിൻഗാമിയുടെ കരുതലിന്റെ അടയാളമാണ് പാപ്പായുടെ പ്രതിനിധി എന്ന പോൾ ആറാമൻ പാപ്പായുടെ വാക്കുകൾ പാപ്പാ ഉദ്ധരിച്ചു. സംഭാഷണം പ്രോത്സാഹിപ്പിക്കുന്നതിനും സഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനും ജനങ്ങളുടെ നന്മ പ്രോത്സാഹിപ്പിക്കുന്നതിനുമായിട്ടാണ് ഓരോ പ്രതിനിധിയും നിയോഗിക്കപ്പെടുന്നത്. ജനതയെ അനുഗമിക്കുകയും ആശ്വസിപ്പിക്കുകയും പാലങ്ങൾ പണിയുകയും ചെയ്യുന്ന ഒരു സഭയുടെ മുഖമാണ് പേപ്പൽ പ്രതിനിധി. പക്ഷപാതപരമായ താൽപ്പര്യങ്ങൾ സംരക്ഷിക്കുകയല്ല, മറിച്ച് കുർബാനയെ സേവിക്കുക എന്നതാണ് അദ്ദേഹത്തിന്റെ ദൗത്യമെന്നും ലിയോ പതിനാലാമൻ പാപ്പാ അടിവരയിട്ടു പറഞ്ഞു.'ഇറാഖിലെ ജനങ്ങൾ നിങ്ങളെ തിരിച്ചറിയുന്നത് നിങ്ങൾ പറയുന്നതിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് നിങ്ങൾ എങ്ങനെ സ്നേഹിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്''.പരിശുദ്ധ സിംഹാസനത്തിന്റെ നയതന്ത്രം സുവിശേഷത്തിൽ നിന്ന് പിറന്നതാണെന്നും



പ്രാർത്ഥനയാൽ പോഷിപ്പിക്കപ്പെടുന്നുവെന്നും പ്രകടമാക്കുവാൻ, സമാധാനപരമായ സഹവർത്തിത്വത്തെ പ്രോത്സാഹിപ്പിക്കാനും, പ്രത്യാശയുടെ മുകുളങ്ങൾ കാത്തുസൂക്ഷിക്കാനും പുതിയ ഇടയനു സാധിക്കട്ടെ.

## അസീറിയൻ പാത്രിയർക്കീസ്

'ക്രിസ്തുവിലെ ഒരു പ്രിയ സഹോദരനെന്ന നിലയിൽ  പൗരസ്ത്യ അസീറിയൻ സഭയുടെ പാത്രിയർക്കീസ് കാതോലിക്കോസ് മാർ ആവാ മൂന്നാമനെ സ്വീകരിക്കുന്നതിൽ തനിക്കുള്ള അതിയായ സന്തോഷം' അറിയിച്ചും, തന്റെ പത്രോസിനടുത്ത ശുശ്രൂഷയുടെ ഉദ്ഘാടന വേളയിൽ അദ്ദേഹത്തിന്റെ സാന്നിധ്യത്തിന് നന്ദി പറഞ്ഞുകൊണ്ടും, ഒക്ടോബർ ഇരുപത്തിയേഴിനു നടന്ന കൂടിക്കാഴ്ചാവേളയിൽ, ലെയോ പതിനാലാമൻ പാപ്പാ സന്ദേശം നൽകി. സഹോദരതുല്യമായ  കണ്ടുമുട്ടലുകളും, ദൈവശാസ്ത്ര സംവാദവും ഐക്യത്തിലേക്കുള്ള പാതയിലെ പ്രധാനപ്പെട്ട ഘടകങ്ങളാണെന്നു പാപ്പാ പറഞ്ഞു.

നിഖ്യാ കൗൺസിലിന്റെ 1700മത് വാർഷികം എല്ലാ പാരമ്പര്യങ്ങളിലുമുള്ള ക്രിസ്ത്യാനികൾക്കിടയിൽ സിനഡലിറ്റിയുടെ രൂപങ്ങൾ പ്രായോഗികമാക്കുമെന്നും, പുതിയ എക്യുമെനിക്കൽ സിനഡൽ സമ്പ്രദായങ്ങൾ പ്രവൃത്തിപഥത്തിൽ എത്തിക്കുമെന്നു താൻ പ്രതീക്ഷിക്കുന്നു.സത്യത്തിന്റെ സംഭാഷണം നമ്മുടെ സഭകളെ ഒന്നിപ്പിക്കുന്ന സ്നേഹത്തിന്റെ ഒരു പ്രകടനമാണ്. അതുപോലെ തന്നെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും ദൈവശാസ്ത്രപരമായ മാനം ഉൾക്കൊള്ളണമെന്നും പാപ്പാ അടിവരയിട്ടു പറഞ്ഞു. ഇക്കഴിഞ്ഞവർഷങ്ങളിൽ, പരസ്പരമുള്ള സംഭാഷണങ്ങൾ കൊണ്ടുവന്ന പുരോഗതി ഏറെ ശ്രദ്ധേയമാണ്.ക്രിസ്തുവിന്റെ ശരീരം കെട്ടിപ്പടുക്കുന്നതിനുവേണ്ടി പരിശുദ്ധാത്മാവിൽ നിന്ന് ലഭിച്ച നമ്മുടെ സഭകൾ തമ്മിലുള്ള ദാനങ്ങളുടെ കൈമാറ്റത്തെ ഈ സംഭാഷണങ്ങൾ പ്രോത്സാഹിപ്പിക്കണമെന്നു പാപ്പാ പറഞ്ഞു. ❍



# ഞാൻ നിങ്ങൾക്കൊപ്പമെന്ന് ലെയോ മാർപാപ്പ

ഡോ. എഡ്‌വേർഡ് എടേഴത്ത്
യു. എസ്. എ.

SPECIAL REPORT



**വത്തിക്കാൻ:** വ്യാവസായിക വിപ്ലവകാലത്ത് ലെയോ പതിമൂന്നാമൻ എഴുതിയ ചാക്രികലേഖനം, 'റേരും നൊവാരും', സമൂഹത്തിൽ സൃഷ്ടിച്ച നവമായ മാറ്റങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ട്, ആഗോളതലത്തിൽ, സഭയുടെ ജനകീയ മുന്നേറ്റ പ്രസ്ഥാന യോഗത്തിൽ സംബന്ധിക്കുന്നവരെ ലിയോ പതിനാലാമൻ പാപ്പാ, അഭിസംബോധന ചെയ്തു, അവർക്ക് സന്ദേശം നൽകുകയും ചെയ്തു. ചാക്രികലേഖനത്തിന്റെ ശീർഷകം അർത്ഥമാക്കുന്നതുപോലെ, നിർമ്മിത ബുദ്ധിയും, സാങ്കേതിക വിദ്യകളും അരങ്ങുതകർക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, പുതിയ കാര്യങ്ങളെ നോക്കുവാനും, അവയിൽ നിന്നും ആരംഭിക്കുവാനും പാപ്പാ ഏവരെയും ആഹ്വാനം ചെയ്തു.

ഭൂമി, പാർപ്പിടം, ജോലി എന്നിവ പവിത്രമായ അവകാശങ്ങളാണെന്നും, അതിനുവേണ്ടി പോരാടുവാൻ ജനകീയ മുന്നേറ്റ പ്രസ്ഥാനങ്ങൾ നടത്തുന്ന അക്ഷീണമായ പരിശ്രമങ്ങളെ, തന്റെ മുൻഗാമിയായ ഫ്രാൻസിസ് പാപ്പാ പിന്തുണച്ചതുപോലെ, താനും പിന്തുണയ്ക്കുന്നുവെന്നു പാപ്പാ പറഞ്ഞു. 'ഞാൻ നിങ്ങളോടൊപ്പമുണ്ട്" എന്ന് പറയുന്നതുകേൾക്കുവാൻ നിങ്ങൾക്ക് ആഗ്രഹമില്ലേ' എന്ന ചോദ്യവും പാപ്പാ ഉന്നയിച്ചു. 'കുടിയിറക്കപ്പെട്ടവന് വേണ്ടി ഭൂമിയും പാർപ്പിടവും ജോലിയും ആവശ്യപ്പെടുന്നത് ഒരു 'പുതിയ കാര്യം' ആണോ? സാമ്പത്തിക



സുരക്ഷിതത്വവും സുഖപ്രദമായ വീടും ഉള്ളവർ ഈ ആവശ്യങ്ങൾ അല്പം കാലഹരണപ്പെട്ടതായി കണക്കാക്കിയേക്കാം. എന്നാൽ പ്രാന്തപ്രദേശങ്ങളിൽ, കാര്യങ്ങൾ വ്യത്യസ്തമായി കാണപ്പെടുന്നു. അതിർത്തികളിൽ നിന്ന് കാണുന്ന പുതിയ കാര്യങ്ങളും നിങ്ങളുടെ പ്രതിബദ്ധതയും പ്രതിഷേധത്തിൽ മാത്രം ഒതുങ്ങുന്നില്ല, മറിച്ച് പരിഹാരങ്ങൾ തേടുന്നു.

**സുവിശേഷം ജീവിക്കണം**

വിശക്കുന്നവർക്ക് ഭക്ഷണം നൽകാനും, ഭവനരഹിതർക്ക് അഭയം നൽകാനും, തകർന്നവരെ രക്ഷിക്കാനും, കുട്ടികളെ പരിപാലിക്കാനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, ഭൂമി ലഭ്യമാക്കാനും ,വീടുകൾ പണിയാനും, സഹകരണ സംഘങ്ങളും പ്രവർത്തന കൂട്ടായ്മകളും രൂപീകരിക്കുമ്പോൾ, അവർ പ്രത്യയശാസ്ത്രം നിർമ്മിക്കുകയല്ല, മറിച്ച് അവർ യഥാർത്ഥത്തിൽ സുവിശേഷത്തിൽ ജീവിക്കുകയാണെന്ന് ഓർക്കണമെന്ന് പാപ്പാ അടിവരയിട്ടു പറഞ്ഞു. തന്റെ സ്വന്തം മുഖം ദരിദ്രരുടെ മുഖങ്ങളിലും മുറിവുകളിലും മറഞ്ഞിരിക്കുന്നുവെന്ന യേശുവിന്റെ വാക്കുകളാണ്, ഇത്തരം പ്രസ്ഥാനങ്ങളുടെ ശക്തിയെന്നും പാപ്പാ കൂട്ടിച്ചേർത്തു. ജനകീയ പ്രസ്ഥാനങ്ങൾ സ്നേഹത്തിനായുള്ള ആഗ്രഹത്താൽ പ്രചോദിതരാകുന്നുവെന്നും, ഇതിനു പെറുവിലെ ഒരു പ്രേഷിത മെത്രാൻ എന്ന നിലയിൽ ഏറെ സാക്ഷ്യം വഹിച്ചിട്ടുണ്ടെന്നും പാപ്പാ പറഞ്ഞു. മറ്റുള്ളവരോടുള്ള കരുതലിലും അനുരഞ്ജനത്തിലും അധിഷ്ഠിതമായ ഐക്യദാർഢ്യത്തിന്റെ മഹത്തായ അത്ഭുതം ഈ പ്രസ്ഥാനങ്ങൾ സഫലമാക്കുന്നു. കൂടുതൽ ആഗോളവൽക്കരിക്കപ്പെടുന്ന ഒരു ലോകത്ത് ജനകീയ പ്രസ്ഥാനങ്ങളുടെ പ്രതിബദ്ധത കൂടുതൽ അനിവാര്യമാണെന്ന് പറഞ്ഞ പാപ്പാ, അല്ലാത്തപക്ഷം, വർദ്ധിച്ചുവരുന്ന ദാരിദ്ര്യത്തിലേക്കും അസമത്വത്തിലേക്കും നയിക്കുകയും ആഗോള പ്രതിസന്ധിക്ക് കാരണമാവുകയും ചെയ്യുമെന്നുള്ള ബനഡിക്ട് പതിനാറാമൻ പാപ്പായുടെ വാക്കുകൾ എടുത്തു പറഞ്ഞുകൊണ്ട് ഓർമ്മപ്പെടുത്തി. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തന്റെ മുൻഗാമിയായ ലെയോ പതിമൂന്നാമൻ പാപ്പാ റേരും നോവാരും ചാക്രികലേഖനം എഴുതിയപ്പോൾ, അദ്ദേഹം വ്യാവസായിക സാങ്കേതികവിദ്യയിലോ പുതിയ ഊർജ്ജ സ്രോതസ്സുകളിലോ ശ്രദ്ധ കേന്ദ്രീകരിച്ചില്ല, മറിച്ച് തൊഴിലാളികളുടെ അവസ്ഥയിലാണ് ഊന്നൽ നൽകിയതെന്നും, ഇവിടെയാണ് അദ്ദേഹത്തിന്റെ സന്ദേശത്തിന്റെ സുവിശേഷ ശക്തിയെന്നും പാപ്പാ പറഞ്ഞു. അക്കാലത്തെ ദരിദ്രരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും അവസ്ഥയിലായിരുന്നു പ്രധാന ശ്രദ്ധ. അതിജീവനത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള ദൈനംദിന പോരാട്ടങ്ങളിൽ സഭയുടെ പങ്ക് ഏറെ പ്രധാനമെന്ന് പറഞ്ഞ ആദ്യ പാപ്പായാണ് ലെയോ പതിമൂന്നാമൻ.

'വലിച്ചെറിയുന്ന സംസ്കാരം' ഉയർത്തുന്ന ദൂഷണങ്ങളെയും, അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടാതെ പാർശ്വവത്ക്കരിക്കപ്പെടുന്നവരെയും, കാലാവസ്ഥാ പ്രതിസന്ധി ദുരിതങ്ങൾ വിതയ്ക്കുന്നവരെയും, മയക്കുമരുന്നു ഭവിഷ്യത്തുകളാൽ ദുരിതമനുഭവിക്കുന്നവരെയും, സുരക്ഷാരഹിതമായ സാഹചര്യത്തിൽ കഴിയുന്നവരെയും പാപ്പാ പ്രത്യേകം പരാമർശിച്ചു. രാജ്യങ്ങൾക്ക് അവരുടെ അതിർത്തികൾ




സംരക്ഷിക്കാനുള്ള അവകാശവും കടമയും ഉണ്ട്, പക്ഷേ അഭയം നൽകാനുള്ള ധാർമ്മിക ബാധ്യതയാൽ ഇത് സന്തുലിതമാക്കണം.'കഴിഞ്ഞ നൂറ്റാണ്ടിൽ പഴയ തൊഴിലാളി സംഘങ്ങൾ നിർത്തലാക്കപ്പെട്ടു, മറ്റൊരു സംരക്ഷക സംഘടനയും അവയുടെ സ്ഥാനം ഏറ്റെടുത്തില്ല'എന്നുള്ള ലിയോ പതിമൂന്നാമന്റെ വാക്കുകൾ ഇന്നും സത്യമായി തുടരുന്നു. ധാർമ്മിക ശൂന്യത അനുഭവിക്കുന്ന ഈ കാലഘട്ടത്തിൽ, ജനകീയ പ്രസ്ഥാനങ്ങൾ, നല്ല മനസ്സുള്ള ആളുകൾ, ക്രിസ്ത്യാനികൾ, വിശ്വാസികൾ, സർക്കാരുകൾ എന്നിവർ ആ ശൂന്യത നികത്താൻ അടിയന്തിരമായി വിളിക്കപ്പെട്ടിരിക്കുന്നു.

**വേണം വിവേചന ശേഷി**

'ആധുനിക കാലത്തെ അജപാലനമേഖലയിൽ, പുതിയ ജീവിതരീതികൾ വിവേചിച്ചറിയുവാൻ ഏവർക്കും സാധിക്കട്ടെ' – വത്തിക്കാനിൽ ഈശോ സഭയിലെ മേജർ സുപ്പീരിയർമാരുമായുള്ള കൂടിക്കാഴ്ചാ വേളയിലെ സന്ദേശത്തിൽ ലെയോ മാർപാപ്പ ആശംസിച്ചു. സംസ്കാരം, സാമ്പത്തികം, സാങ്കേതികവിദ്യ, രാഷ്ട്രീയം എന്നിവയിലെ ദ്രുതഗതിയിലുള്ള മാറ്റങ്ങൾ ജോലിയെയും ബന്ധങ്ങളെയും കുറിച്ചുള്ള നമ്മുടെ ധാരണയെ പുനർനിർമ്മിക്കുകയും മനുഷ്യ സ്വത്വത്തെക്കുറിച്ച് ചോദ്യങ്ങൾ ഉയർത്തുകയും ചെയ്യുന്നുവെന്നും, ജനാധിപത്യ സിദ്ധാന്തങ്ങളും, പ്രത്യയശാസ്ത്ര ധ്രുവീകരണവും രാജ്യങ്ങൾ തമ്മിലുള്ള ഭിന്നതയെ കൂടുതൽ ആഴത്തിലാക്കുന്നുവെന്നും പാപ്പാ ചൂണ്ടിക്കാട്ടി.

ആത്മീയ നേതൃത്വം, ബൗദ്ധിക രൂപീകരണം, ദരിദ്രർക്കിടയിലെ സേവനം, എന്നിങ്ങനെയുള്ള മനുഷ്യരാശിയുടെ വിവിധ ആവശ്യങ്ങളിൽ മുൻപിൽ നിൽക്കുന്ന ഈശോസഭാംഗങ്ങൾ എന്ന് പാപ്പാ അടിവരയിട്ടു പറഞ്ഞു. അനിശ്ചിതത്വത്തെയോ ബുദ്ധിമുട്ടിനെയോ ഭയപ്പെടാത്തവരായിരുന്നു, വിശുദ്ധ ഇഗ്നേ



ഷ്യസും കൂട്ടരും എന്നത് ഓർമ്മപ്പെടുത്തിയ പാപ്പാ, സമൂഹത്തിന്റെ ദുഷ്കരമായ സാഹചര്യങ്ങളിലെല്ലാം ഈശോസഭക്കാരുടെ സാന്നിധ്യം ഉണ്ടായിരുന്നുവെന്ന വിശുദ്ധ പോൾ ആറാമൻ പാപ്പായുടെ വാക്കുകളും ഉദ്ധരിച്ചു.

പ്രത്യാശയോടെ ഒരുമിച്ച് എങ്ങനെ നടക്കാമെന്ന് വിവേചിച്ചറിയാൻ സഭാ സമൂഹങ്ങളെ സിനഡൽ മാതൃകയിൽ സഹായിക്കുന്നതിൽ.ഈശോ സഭ വഹിക്കുന്ന പങ്കിനെയും പാപ്പാ എടുത്തു പറഞ്ഞു. 'ബലഹീനതയുടെ ആഗോളവൽക്കരണത്തെ' അനുരഞ്ജനത്തിന്റെ സംസ്കാരം ഉപയോഗിച്ച് നാം പ്രതിരോധിക്കണം. നിർമിതബുദ്ധിയുടെ അതിപ്രസരം അടയാളപ്പെടുത്തുന്ന ഈ ലോകത്തിൽ, മാനവികതയെ ധാർമ്മികമായി നയിക്കാനും മനുഷ്യന്റെ അന്തസ്സ് സംരക്ഷിക്കാനും പൊതുനന്മ പ്രോത്സാഹിപ്പിക്കാനും സഭ സംഭാവനകൾ നല്കണമെന്നും പാപ്പാ അഭ്യർത്ഥിച്ചു. ആത്മീയ പ്രവർത്തനങ്ങളിലൂടെയും, ധ്യാനങ്ങളിലൂടെയും ദൈവത്തിലേക്കുള്ള പാത മനുഷ്യകുലത്തെ പഠിപ്പിക്കുക, ദരിദ്രരോടും, ലോകത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടവരോടും, അന്തസ്സിന് കളങ്കമേറ്റവരുടെയും കൂടെ നടക്കുക, പ്രത്യാശയുടെ ഭാവിയിലേക്ക് നടക്കുന്ന യുവാക്കളെ അനുഗമിക്കുക, നമ്മുടെ പൊതു ഭവനത്തെ പരിപാലിക്കുക എന്നീ മുൻഗണനകളിൽ സഭയിലെ എല്ലാ അംഗങ്ങൾക്കും വളരുവാൻ സാധിക്കട്ടെയെന്നു പാപ്പാ ആശംസിച്ചു.'നിങ്ങൾ ക്രിസ്തുവിനോടൊപ്പം നടക്കുകയാണെങ്കിൽ ഒരു അതിർത്തിയും നിങ്ങളുടെ പരിധിയിൽ നിന്ന് പുറത്തായിരിക്കില്ല'. നിരാശ ആധിപത്യം പുലർത്തുന്നതായി തോന്നുന്നിടത്ത് പ്രത്യാശ വിതയ്ക്കുവാനും, ഇരുട്ട് വാഴുന്നിടത്ത് വെളിച്ചം കൊണ്ടുവരുവാനും, അംഗങ്ങൾക്കുള്ള ദൗത്യവും പാപ്പാ ഓർമ്മപ്പെടുത്തി. ❍



# നോക്കൂ , സ്വപ്നങ്ങളിലൂടെ ഭാവിയുടെ മിഴിച്ചെപ്പിലേയ്ക്ക്

ക്രിസ്തു ജീവിക്കുന്നു – ഭാഗം 26

***വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാര പൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ  പ്രബോധനപരമ്പര.***

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**



187. സിനഡിൽ നാം ഇപ്രകാരം കേട്ടു: “യുവജനങ്ങൾ ഭാവിയിൽ കേന്ദ്രീകരിക്കപ്പെടുന്നു. ഊർജ്ജസ്വലതയോടും ഉത്സാഹത്തോടുംകൂടി അവർ ജീവിതത്തെ നേരിടുന്നു. എന്നാൽ, അവർ കടന്നുവന്ന ഭൂതകാലത്തെക്കുറിച്ചുള്ള സ്മരണയ്ക്ക്, പ്രത്യേകിച്ച് അവരുടെ മാതാപിതാക്കന്മാരും മുത്തശ്ശീമുത്തശ്ശന്മാരും അവർക്കു കൈമാറിയ അനേകം ദാനങ്ങളെയും അവർ ജീവിക്കുന്ന സമൂഹത്തിന്റെ സാംസ്കാരിക അനുഭവത്തെയും കുറിച്ച് ഒട്ടും ശ്രദ്ധ നൽകാതിരിക്കാനും... അവർ പ്രലോഭിപ്പിക്കപ്പെടുന്നു. അവരുടെ വളർച്ചയ്ക്കും അവർ എടുക്കാൻ വിളിക്കപ്പെടുന്ന തീരുമാനങ്ങൾക്കും വേണ്ടി, ഭൂതകാലത്തിന്റെ

സജീവസമ്പന്നത കണ്ടെത്താനും അതിന്റെ സ്മരണയെ വിലമതിക്കാനും അവരുടെ തിരഞ്ഞെടുപ്പുകൾക്കും അവസരങ്ങൾക്കുംവേണ്ടി അതിനെ ഉപയോഗിക്കാനും യുവജന ങ്ങളെ സഹായിക്കുന്നത് അവരുടെ നേർക്കുള്ള ഒരു യഥാർത്ഥ സ്നേഹപ്രവൃത്തിയാണ്.

188. പ്രായമായവരുടെ അനുഭവത്തിൽ നിന്ന് നമുക്ക് പ്രയോജനം ഉണ്ടാകാൻ കഴിയ ത്തക്കവണ്ണം, അവരോട് സമീപസ്ഥരായിരിക്കാൻ ദൈവവചനം നമ്മെ പ്രോത്സാഹിപ്പി ക്കുന്നു: "മുതിർന്നവരുടെ ഇടയിൽ പക്വമതിയോടു ചേർന്നുനിൽക്കുക. ...ജ്ഞാനിയായ ഒരുവനെ കണ്ടെത്തിയാൽ അവനെ സന്ദർശിക്കാൻ വൈകരുത്; നിന്റെ പാദങ്ങൾ അവന്റെ വാതില്പടി നിരന്തരം സ്പർശിക്കട്ടെ" (പ്രഭാ. 6:34-36). എല്ലാ കാര്യത്തിലും, അവർ ജീവിച്ച ദീർഘമായ വർഷങ്ങളും ജീവിതത്തിൽ അവർ അനുഭവിച്ച സകലതും അവ രിലേക്കു നാം ആദരപൂർവം നോക്കാൻ നമുക്ക് ഇടയാക്കണം: ""പ്രായം ചെന്നു നരച്ചവ രുടെ മുമ്പിൽ ആദരപൂർവ്വം എഴുന്നേൽക്കുകയും അവരെ ബഹു മാനിക്കുകയും വേണം" (ലേവ്യ. 19:32). എന്തെന്നാൽ, "യുവാക്കളുടെ മഹത്ത്വം അവരുടെ കരുത്താണ്; നരച്ച മുടി വൃദ്ധരുടെ അലങ്കാരവും" (സുഭാ. 20:29).

189. വിശുദ്ധഗ്രന്ഥം നമ്മളോട് ഇങ്ങനെയും പറയുന്നു: "നിനക്കു ജന്മം നൽകിയ പിതാവിനെ അനുസരിക്കുക; വൃദ്ധയായ അമ്മയെ നിന്ദിക്കരുത്" (സുഭാ. 23:22 }. നമ്മുടെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കാനുള്ള കല്പന "വാഗദാനത്തോ ടുകൂടിയ ആദ്യത്ത കല്പന'യാണ് (എഫേ. 6:2; cf. പുറ. 20: 12; നിയ, 5:16; ലേവ്യ. 19:3). "നിങ്ങൾക്കു നന്മ കൈവരുകയും നിങ്ങൾ ഭൂമിയിൽ ദീർഘകാലം ജീവിക്കുകയും ചെ യ്യും"(എഫേ. 6:3) എന്നതാണ് ആ വാഗ്ദാനം.

190. ഇതിന്റെ അർത്ഥം മുതിർന്നവർ പറയുന്ന സകലതിനോടും യോജിക്കണമെന്നും അവരുടെ എല്ലാ പ്രവൃത്തികളും അംഗീകരിക്കണമെന്നുമല്ല. യുവാവായ ഒരു വ്യക്തിക്ക് എപ്പോഴും വിമർശനാത്മകമായ ഒരു അരുപി ഉണ്ടായിരിക്കണം. ഗ്രീക്ക് ക്ലാസ്സിക്കൽ ഗ്ര ന്ഥങ്ങളുടെ കർത്താക്കളെ ബഹുമാനിക്കാനും എന്നാൽ അവർക്കു പഠിപ്പിക്കാൻ സാധിച്ച നന്മ മാത്രം അംഗീകരിക്കാനും മഹാനായ വിശുദ്ധ ബേസിൽ യുവജനങ്ങളെ എപ്പോഴും പ്രോത്സാഹിപ്പിച്ചിരുന്നു. അത് തലമുറയിൽനിന്നു തലമുറയിലേക്കു കടന്നുവന്ന ഒരു ജ്ഞാനം, മാനുഷിക ദൗർബല്യത്തോടു പരിചിതവും ഉപഭോഗസമൂഹത്തിന്റെയും കമ്പോ ളത്തിന്റെയും പുതുമകളുടെ മുമ്പിൽ അപ്രത്യക്ഷമാകാൻ അർഹമല്ലാത്തതുമായ ഒരു ജ്ഞാനം, സ്വീകരിക്കുന്നതിനോട് യഥാർത്ഥത്തിൽ തുറന്ന മനഃസ്ഥിതിയുള്ളവരായിരി ക്കേണ്ടതിന്റെ ഒരു കാര്യമാണ്.

191. തലമുറകളുടെ ഇടയിലെ ഭിന്നത വഴി ലോകത്തിന് ഒരിക്കലും പ്രയോജനം ഉണ്ടാ യിട്ടില്ല, ഉണ്ടാകുകയുമില്ല. വേരുകളും ഉദ്ഭവങ്ങളുമില്ലാത്ത ഒരു ഭാവിയുടെ സൈറൻ ഗാ നമാണത്. പുതിയതുമാത്രമാണ് നല്ലതും മനോഹരവുമെന്നു നിങ്ങൾ വിശ്വസിക്കുന്നതു നുണയാണ്. തലമുറകൾക്കിടയിലെ ബന്ധങ്ങൾ നിലനിൽക്കുമ്പോൾ, സമൂഹങ്ങളിൽ കൂട്ടായ ഓർമ്മ സന്നിഹിതമാണ്. ഓരോ തലമുറയും അതിന്റെ മുൻഗാമികളുടെ പ്രബോ ധനങ്ങൾ ഏറ്റെടുക്കുകയും അതിന്റെ ഊഴത്തിൽ അതിന്റെ പിൻഗാമികൾക്ക് പൈതൃക മായി നൽകുകയും ചെയ്യുന്നു. ഈ മാർഗത്തിൽ, അവ ഒരു പുതിയ സമൂഹം ദൃഢമായി സ്ഥാപിക്കാനുള്ള പരിശോധനയുടെ ചട്ടക്കൂടുകൾ നൽകുന്നു. പഴഞ്ചൊല്ലു പറയുന്നതു പോലെ; ""ചെറുപ്പക്കാർക്ക് അറിവും വൃദ്ധർക്കു ശക്തിയും ഉണ്ടായിരുന്നുവെങ്കിൽ, അവർ ക്ക് നിർവ്വഹിക്കാൻ കഴിയാത്ത ഒന്നുമുണ്ടാകുമായിരുന്നില്ല."

സ്വപ്നങ്ങളും ദർശനങ്ങളും

192. ജോയേലിന്റെ പ്രവചനത്തിൽ ഇത് ഭംഗിയായി ആവിഷ്കരിക്കുന്ന ഒരു വാക്യമു ണ്ട്. "എല്ലാ മനുഷ്യരുടെയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യുവാക്കൾക്കു ദർശനങ്ങളുണ്ടാകും; നി ങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും" (3:1; cf. അപ്പ. 2:17). യുവജനങ്ങളും വൃദ്ധന്മാരും



ഒരുപോലെ പരിശുദ്ധാത്മപ്രിയിലേക്കു തുറന്നിരിക്കുമ്പോൾ, അവർ അത്ഭുതകരമായ ഒരു കൂട്ടുകെട്ട് ഉണ്ടാക്കുന്നു. വൃദ്ധന്മാർ സ്വപ്നങ്ങൾ കാണുകയും യുവജനങ്ങൾ ദർശനങ്ങൾ കാണുകയും ചെയ്യുന്നു. ഇവ രണ്ടും എപ്രകാരമാണ് പരസ്പരപൂരകമാകുന്നത്?

193. വൃദ്ധന്മാർക്ക് അവരുടെ ദീർഘമായ അനുഭവത്തിന്റെ അടയാളം വഹിക്കുന്ന സ്മരണകളും പ്രതിച്ഛായകളുംകൊണ്ടു നിർമ്മിതമായ സ്വപ്നങ്ങളുണ്ട്. യുവജനങ്ങൾ ആ സ്വപ്നങ്ങളിലേക്ക് വേരുകൾ ആഴ്ത്തുകയാണെങ്കിൽ, അവർക്കു ഭാവിയിലേക്ക് ഉറ്റുനോക്കാൻ കഴിയും; അവരുടെ ചക്രവാളങ്ങൾ വിശാലമാക്കുകയും അവരെ പുതിയ മാർഗങ്ങൾ കാണിക്കുകയും ചെയ്യുന്ന ദർശനങ്ങൾ അവർക്ക് ഉണ്ടാകാൻ സാധിക്കും. എന്നാൽ, വൃദ്ധന്മാർ സ്വപ്നം കാണാത്തപക്ഷം, യുവജനങ്ങൾക്ക് ചക്രവാളത്തിന്റെ വ്യക്തമായ കാഴ്ച നഷ്ടപ്പെടുന്നു.

194, ഒരുപക്ഷേ, നമുക്കുവേണ്ടി നമ്മുടെ മുത്തശ്ശീമുത്തശ്ശന്മാർ കണ്ട് സ്വപ്നം സങ്കല്പിക്കുന്നതിന് നമ്മെ സഹായിക്കാൻ കഴിയുന്ന ഒരു സ്മരണ നമ്മുടെ മാതാപിതാക്കന്മാർ നിലനിർത്തിയിട്ടുണ്ട്. നമ്മുടെ ജനനത്തിനുമുമ്പുപോലും, നമ്മളെല്ലാവരും, നമ്മുടെ മുത്തശ്ശീമുത്തശ്ശന്മാരിൽ നിന്നുള്ള ഒരു അനുഗ്രഹം എന്ന നിലയിൽ, സ്നേഹവും പ്രത്യാശയും നിറഞ്ഞ ഒരു സ്വപ്നം, മെച്ചപ്പെട്ട ഒരു ജീവിതത്തെക്കുറിച്ചുള്ള സ്വപ്നം, സ്വീകരിച്ചിട്ടുണ്ട്. നമ്മുടെ മുത്തശ്ശീമുത്തശ്ശന്മാർക്കല്ലെങ്കിൽപ്പോലും, തീർച്ചയായും അവരുടെ മാതാപിതാക്കന്മാരിൽ ചിലർക്ക്, പിള്ളത്തൊട്ടിലിലുള്ള അവരുടെ കുട്ടികളെയും അവരുടെ പേരക്കുട്ടികളെയും കുറിച്ചു ചിന്തിച്ചപ്പോൾ, സന്തോഷകരമായ ആ സ്വപ്നം ഉണ്ടായിട്ടുണ്ട്. ❍

# മധുരം സായന്തനം

ഒക്ടോബർ 17

പി.ഒ.സി. പാലാരിവട്ടം













കെ.സി.ബി.സി മീഡിയ കമ്മീഷൻ



# ഭാരതത്തിന്റെ പ്രഥമ കർമ്മല കുസുമം: വാഴ്ത്തപ്പെട്ട മദർ ഏലീശ്വ

**ഫാ. സേവ്യർ പടിയാരംപറമ്പിൽ**
ഓസ്ട്രിയ

**SPECIAL REPORT**



ആത്മാവിന്റെ ആഴങ്ങളിൽ, ദൈവസ്നേഹത്തിന്റെ തേൻ നുകരുന്ന വ്യക്തി, തന്റെ ബാഹ്യ ഇടപെടലുകളിലും ഉദാത്ത സ്നേഹത്തിന്റെ മധുരിമ പ്രസരിപ്പിക്കുമ്പോഴാണ് യഥാർത്ഥ ആത്മീയത ഇതൾ വിരിയുന്നത്. അത്തരത്തിലുള്ളവർക്ക്, അതിസമ്പന്നതയുടെ സുരക്ഷിതത്വത്തിൽ നിന്നും പനമ്പു കൂരയുടെ ന്യൂനതകളിലും തൃപ്തി കണ്ടെത്താനാവും. ഭാരതത്തിന്റെ പ്രഥമ കർമ്മല കുസുമമായ വാഴ്ത്തപ്പെട്ട മദർ ഏലീശ്വയുടെ ജീവിതം, നമുക്ക് നൽകുന്ന പ്രചോദനവും മറ്റൊന്നല്ല.

**കുടുംബ പശ്ചാത്തലം**

എറണാകുളം ജില്ലയിലെ, വൈപ്പിൻ ദ്വീപിലെ ഓച്ചൻ തുരുത്ത്- കുരിശിങ്കൽ-ക്രൂസ് മിലാഗ്രസ് ഇടവകയിലെ (വരാപ്പുഴ അതിരൂപത) വൈപ്പിശ്ശേരി തറവാട്ടിലായിരുന്നു ഏലീശ്വ ഭൂജാതയായത്. തൊമ്മൻ - താണ്ട ദമ്പതികളുടെ അഷ്ട സൗഭാഗ്യങ്ങളിൽ, ആദ്യ സന്താനമായി 1831 ഒക്ടോബർ 15ന് (ആവിലയിലെ അമ്മ ത്രേസ്യയുടെ തിരുനാൾ ദിനം) ജനിച്ച ഏലീശ്വയ്ക്ക് അഞ്ച് സഹോദരന്മാരും (ജോസഫ്, വറീത്, ലൂയീസ്, ആന്റണി, തോമസ്) ഒരു സഹോദരിയും (ത്രേസ്യ) ഉണ്ടായിരുന്നു. 19-ാം നൂറ്റാണ്ടിലെ സമ്പന്ന കുടുംബങ്ങളിൽ എഴുത്താശാന്മാർ വീടുകളിൽ പോയി ഭാഷ, ഗണിതം, ശാസ്ത്രം, കരവേലകൾ തുടങ്ങിയ വിഷയങ്ങൾ പഠിപ്പിച്ചിരുന്നു. വൈപ്പിശ്ശേരി തറവാട്ടിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വീട്ടിൽവച്ച് തന്നെ വിദ്യാഭ്യാസം ലഭിച്ചിരുന്നു. ഏലീശ്വ വായനാ തത്പരയും ബുദ്ധിസാമർത്ഥ്യവുമുള്ള കുട്ടിയായിരുന്നു. വിശുദ്ധ ഗ്രന്ഥം, ആദ്യമായി മലയാളത്തിലേ

ക്ക് തർജ്ജമ ചെയ്ത മൂവരിൽ ഒരാളായ ഫാ. ലൂയീസ് വൈപ്പിശ്ശേരി ഏലീശ്വാമ്മയുടെ സഹോദരനായിരുന്നു. ബഹുഭാഷാ പണ്ഡിതനും സാഹിത്യകാരനും പത്രാധിപരുമായിരുന്ന അദ്ദേഹത്തിന്റെ പാണ്ഡിത്യവും ജ്ഞാനവും പരിശോധിച്ചാൽ വ്യക്തമാകും, അദ്ദേഹത്തിനും കുടുംബത്തിൽ നിന്നും ലഭിച്ച വിദ്യാഭ്യാസത്തിന്റെ ശ്രേഷ്ഠത.

## ദാമ്പത്യം – വൈധവ്യം

തൃശ്ശൂർ പാലയൂരിലെ സുഗന്ധവ്യഞ്ജന വ്യാപാരിയായിരുന്ന വാറയിൽ വറീതിന്റെയും കൂനമ്മാവ് തെരുവിൻ പറമ്പിൽ അന്നായുടെയും മകനായ വത്തരുവുമായിട്ടായിരുന്നു ഏലീശ്വായുടെ വിവാഹം (1847–ൽ). കൂനമ്മാവിലെ അതിവിസ്തൃതമായ ഭൂപ്രദേശം വിലയ്ക്കു വാങ്ങി അവിടെ സ്ഥിരതാമസമാക്കിയ വറീതും കൂട്ടുകാരുമാണ് കൂനമ്മാവ് ദേവാലയ നിർമ്മിതിക്ക് മേൽനോട്ടം വഹിച്ചത്. വൈപ്പിശ്ശേരി– വാകയിൽ തറവാട്ടുകൾ തമ്മിലുണ്ടായിരുന്ന സാമ്പത്തീകവും ആത്മീയവുമായ പൊരുത്തങ്ങളാണ് ഏലീശ്വ–വത്തരു ദാമ്പതികളുടെ വിവാഹത്തിൽ കലാശിച്ചത്. 1850 ഏപ്രിൽ 21 ന് ഈ ദാമ്പത്യ വല്ലരിയിൽ 'അന്ന' എന്ന കുഞ്ഞു പിറന്നു. കുഞ്ഞു അന്നയ്ക്ക് ഒന്നര വയസ്സുള്ളപ്പോൾ പെട്ടെന്ന് വത്തരു രോഗബാധിതനാവുകയും രോഗനിർണ്ണയം ചെയ്യും മുമ്പേ പരലോക പ്രാപ്തനാവുകയും ചെയ്തു. 20–ാം വയസ്സിൽ ഏറ്റെടുക്കേണ്ടി വന്ന വൈധവ്യത്തെ ഏലീശ്വ ദൈവനിയോഗമായി കരുതി. സാമ്പത്തിക ഭദ്രതയുള്ള കുടുംബങ്ങളിൽ നിന്നുള്ളതാകയാൽ, വൈപ്പിശ്ശേരി തറവാട്ടിലേക്ക് തിരികെ കൊണ്ടുവരുവാനും, പുനർവിവാഹത്തിനായി ആലോചിക്കാനും കുടുംബാംഗങ്ങൾ ആഗ്രഹിച്ചിരുന്നെങ്കിലും വാകയിൽ തറവാട്ടിൽ തന്നെ താമസിക്കുവാനും ഭർത്താവിന്റെ മാതാപിതാക്കളെ ശുശ്രൂഷിക്കുവാനും കുഞ്ഞു അന്നയെ വളർത്താനുമായിരുന്നു ഏലീശ്വായുടെ തീരുമാനം. കുടുംബത്തിലെ ചുമതലകൾ നിർവ്വഹിച്ച ശേഷം, അമ്മയും കുഞ്ഞും ദീർഘസമയം കൂനമ്മാവിലെ ദേവാലയ സക്രിരിക്കു മുന്നിലും ഭവനത്തിലെ പ്രാർത്ഥനാമുറിയിലും പ്രാർത്ഥനാ നിമഗ്നരായിരുന്നു. ഒരു വിയോഗത്താൽ വേദനിക്കുന്ന ഒരു സാധാരണ വിധവയുടെ സ്വാഭാവീക ദുഃഖപ്രകടനങ്ങളായി മാത്രം കണ്ടിരുന്ന മറ്റുള്ളവർക്ക്, താമസം വിനാ ബോധ്യമായി തുടങ്ങി– ഇത് അസാധാരണമായ ആത്മീയ ജീവിതത്തിന്റെ ആദ്യ പടികളായിരുന്നുവെന്ന്.

## സന്യാസം

പത്ത് വർഷത്തെ, ധ്യാനാത്മക ജീവിതത്തിനുശേഷം, 1862–ൽ അന്ന് കൂനമ്മാവിൽ ശുശ്രൂഷ ചെയ്തിരുന്ന ഇറ്റാലിയൻ കർമ്മലീത്ത പ്രേഷിതൻ, ഫാ. ലെയോ പോൾഡ് ബൊക്കാരോയുടെ പക്കൽ ആദ്യമായി ഏലീശ്വ തന്റെ ആത്മീയ പ്രചോദനങ്ങൾ പങ്കുവച്ചു. തന്റെയും കുഞ്ഞിന്റെയും ഭക്ത ജീവിതത്തിനായി, വാകയിൽ തറവാട്ട്മന്ദിരത്തിൽ നിന്നും സ്വന്തം പറമ്പിൽ തന്നെ, പനമ്പ് കൊണ്ടുള്ള ഒരു എളിയ ഭവനത്തിലേക്ക് അവളും കുഞ്ഞും താമസം മാറ്റി. അക്കാലത്ത് അത്തരത്തിലുള്ള പനമ്പുകുരകളിലായിരുന്നു, മുതലാളിമാരുടെ അടിയാളന്മാരും കുടുംബവും താമസിച്ചിരുന്നത്. ധാന്യങ്ങൾ സൂക്ഷിക്കുന്ന കളപ്പുരകളായും അവ ഉപയോഗിച്ചിരുന്നു. സമ്പന്നതയുടെ സുരക്ഷിതത്വത്തിൽ നിന്നും ലാളിത്യത്തിന്റെയും എളിമയുടെയും ചെറുഭവനത്തിലേക്ക് മാറുവാൻ ഏലീശ്വയെ പ്രേരിപ്പിച്ചത് തന്റെ ദിവ്യനാഥനായ യേശുവിന്റെ മനോഭാവമായിരുന്നു. ഏലീശ്വാമ്മയ്ക്ക് ലഭിച്ച ഈ സവിശേഷ ദൈവനിയോഗ പൂർത്തീകരണത്തിൽ, ലെയോപോൾഡ് അച്ചൻ, ആർച്ചുബിഷപ്പ് ബർണ്ണഡീൻ ബെച്ചിനെല്ലി വി. ചാവറ കുര്യാക്കോസ്



ഏലിയാസച്ചൻ തുടങ്ങിയവരുടെ നിർലോപ സഹായ സഹകരണങ്ങളും ലഭിക്കുവാനിടയായി. അങ്ങനെ ഔദ്യോഗികമായി 1866–ൽ ഫെബ്രുവരി 12ന് കൂനമ്മാവിലെ സ്വന്തം പറമ്പിലെ പനമ്പു മഠത്തിൽ ഏലീശ്വ സന്ന്യാസ ജീവിതം സമാരംഭിച്ചു. മഠാധിപയായി മദർ ഏലീശ്വയും പ്രഥമാംഗങ്ങളായി സിസ്റ്റർ അന്ന, സിസ്റ്റർ ത്രേസ്യ എന്നിവരും, കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭയുടെ (ടി.ഓ.സി.ഡി) അടിസ്ഥാന ശിലകളായി. 1867 മാർച്ച് 27 നായിരുന്നു, പ്രഥമാംഗങ്ങളുടെ സഭാവസ്ത്ര സ്വീകരണം.

1871 മെയ് 26 ന് മകൾ അന്ന 21 –മത്തെ വയസ്സിൽ നിത്യതയിൽ മറഞ്ഞു. കൂനമ്മാവ്, സെന്റ് തെരേസാസ് മഠം സെമിത്തേരിയിൽ സംസ്കരിച്ചു. 1890 സെപ്തംബർ 17ന് തന്റെ കുടുംബ സ്വത്തിൽ നിർമ്മിച്ച കൂനമ്മാവ് സെന്റ് തെരേസാസ് മഠത്തിൽ നിന്നും റീത്ത് വിഭജനത്തെ തുടർന്ന് വിടവാങ്ങി. അതേ വർഷം തന്നെ നവംബർ 10ന് വരാപ്പുഴ മഠം ആശീർവദിക്കപ്പെട്ടു. 1913 ജൂലൈ 18ന് തന്റെ 81–ാമത്തെ വയസ്സിൽ മദർ ഏലീശ്വാമ്മ സ്വർഗ്ഗം പൂകി. പിറ്റേന്ന് വരാപ്പുഴയിൽ അടക്കം ചെയ്യപ്പെട്ടു. 1971–ൽ സി.റ്റി.സി. സഭയ്ക്ക് പൊന്റിഫിക്കൽ പദവി ലഭിച്ചു. 2008–ൽ ദൈവദാസി പ്രഖ്യാപനവും, 2023–ൽ ധന്യ പദവിയും 2025 നവംബർ 8ന് വാഴ്ത്തപ്പെട്ടവളുമായി പരിശുദ്ധ കന്യാമരിയത്തിന്റെ മദർ ഏലീശ്വാ വാകയിൽ.

**ഏലിശ്വാമ്മ നൽകുന്ന ജീവിത പാഠങ്ങൾ**

ഒരു കുടുംബിനിയും സമർപ്പിതയുമെന്ന നിലയിൽ, വാഴ്ത്തപ്പെട്ട മദർ ഏലീശ്വാ, ക്രിസ്തീയ ജീവിതചര്യയ്ക്ക് സവിശേഷമായ ജീവിത പാഠങ്ങളാണ് പകർന്നു നൽകുന്നത്. ഒന്നാമതായി അനുദിന ജീവിതത്തിൽ ക്രിസ്തുവിനെ കൂടുതൽ സ്നേഹിക്കുവാനും അടുത്ത് അനുകരിക്കുവാനും സാധിക്കുമ്പോൾ ഏവർക്കും വിശുദ്ധിയിൽ വളരാനാവും എന്നതാണ്. ജീവിതത്തിന്റെ സർവ്വസാധാരണതകളിലാണ്, ഏലീശ്വാമ്മ ജീവിത വിശുദ്ധി കണ്ടെത്തിയത്. ദാമ്പത്യത്തിലാണെങ്കിലും



ജീവിത പങ്കാളി നഷ്ടപ്പെടുന്ന അവസ്ഥയിലാണെങ്കിലും, ദൈവഹിതം തിരിച്ചറിയാൻ ശ്രദ്ധിക്കണമെന്ന പാഠം മദർ ഏലീശ്വ നൽകുന്നു. വിവാഹ ജീവിതത്തിന് താത്പര്യമില്ലെന്നറിയിച്ചുവെങ്കിലും തന്റെ മാതാപിതാക്കളുടെ ഇംഗിതത്തിന് എതിരായി പ്രവർത്തിക്കാതെ അവരെ അനുസരിച്ച് വിവാഹ ജീവിതം ആരംഭിച്ച ഏലീശ്വാ തന്റെ ഭർതൃ ഭവനത്തിൽ ഉത്തമയായ മരുമകളായും അനുഗ്രഹീതയായ ഭാര്യയായും അന്നയ്ക്ക് ജീവിത മാതൃക നൽകി പ്രചോദിപ്പിച്ച ഒരമ്മയായും പരിലസിച്ചു ഇരുപതാം വയസ്സിലെ വൈധവ്യത്തിലും ചഞ്ചല ചിത്തയാകാതെ ദൃഷ്ടികൾ ദിവ്യസക്രാരിയിലേക്ക് സമർപ്പിച്ചുകൊണ്ട് ദൈവഹിതത്തിനായി കാതോർത്തു. സന്ന്യാസ– സമർപ്പണ ജീവിതത്തിന് മാതൃകയാണ് വാഴ്ത്തപ്പെട്ട മദർ ഏലീശ്വ. സ്വയം നിരസിച്ചെങ്കിൽ മാത്രമേ ക്രിസ്തു തന്നിൽ രൂപപ്പെടൂ മദറിനറിയാമായിരുന്നു. സന്ന്യാസം എന്നത് സമ്പാദിച്ചു കൂട്ടാനും അധിനിവേശം നടത്താനുമുള്ള സ്യൂഡോ – ആത്മീയചര്യയല്ലയെന്നും തന്നെ തന്നെ ശൂന്യനാക്കിയ ക്രിസ്തുവിനെ അനുകരിക്കലാണെന്നും മദർ ഏലീശ്വാ തന്റെ വ്യക്തി ജീവിതത്തിൽ നിന്നും നമ്മെ പഠിപ്പിക്കുന്നു. റീത്ത് വ്യത്യാസങ്ങളില്ലാതെ ഏവരെയും സ്വീകരിച്ച മദർ ഏലീശ്വാ റീത്ത് വിഭജനത്തെ തുടർന്ന് സ്വന്തം ഉടമസ്ഥതയിലുള്ള ഭവനത്തിൽ നിന്നും പടിയിറങ്ങിയപ്പോഴും പിന്നീട് മരണംവരെയും പരാതികളോ പരിഭവങ്ങളോ ഇല്ലാതെ, തന്റെ "കൂടപ്പിറപ്പുകളെ" സ്നേഹിച്ച് ജീവിച്ചു. കാൽ സെന്റ് ഭൂമിക്കുവേണ്ടി സ്വന്തം സഹോദരനെ കൊലപ്പെടുത്തിയവരുടെ നാട്ടിലാണ്, 'തമ്പുരാൻ' എന്ന മൂന്നക്ഷരങ്ങളെ ഹൃദയത്തിൽ ധ്യാനിച്ച് തന്റെ കുടുംബ സ്വത്തിൽ 25 ഏക്കർ മുഴുവനും ദാനം ചെയ്ത് മഹാത്യാഗിനിയായി മദർ ഏലീശ്വ മാറിയത്. ക്രിസ്തു സ്നേഹത്തിന്റെയും അനുസരണത്തിന്റെയും ഉത്തമ മാതൃകയായ മദർ ഏലീശ്വ, നമുക്കെല്ലാം മാതൃകയും മദ്ധ്യസ്ഥയുമാകട്ടെ. ❍



# ദൈവകൃപയുടെ പാതയിലൂടെ അജഗണങ്ങളിലേക്ക്

**സേവ്യർ രാജു**

ഒന്നരക്കൊല്ലത്തെ കാത്തിരിപ്പിനും പ്രാർഥനയ്ക്കുമൊടുവിൽ പുരാതനമായ കൊച്ചി രൂപതയ്ക്ക് ലഭിച്ച ഇടയൻ സ്നേഹത്തിന്റെയും എളിമയുടെയും പ്രാർഥനാ ചൈതന്യത്തിന്റെയും പ്രതീകമാണ് യുവത്വത്തിന്റെ പ്രസരിപ്പോടെ രൂപതയെ മുന്നോട്ട് നയിക്കാൻ പ്രാപ്തിയുള്ള നിയുക്ത ബിഷപ്പ് റൈറ്റ് റവ ഡോ. ആന്റണി കാട്ടിപ്പറമ്പിലിന് ദിവസങ്ങൾക്കകം ജനപക്ഷത്ത് ലഭിച്ച സ്വീകാര്യത അദ്ദേഹത്തെ സമൂഹം എത്രത്തോളം ഇഷ്ടപ്പെടുന്നുവെന്നതിന് തെളിവാണ്. കൊച്ചി രൂപത ചാൻസലർ ഫ.ഡോ.ജോണി പുതുക്കാടിന്റെ വാക്കുകൾ കടമെടുത്താൽ: ദൈവത്തിന്റെ സ്വന്തം സൗമ്യനായ വിശ്വസ്തൻ.

ഭാരത കത്തോലിക്കാ സഭയുടെ ഈറ്റില്ലം എന്നറിയപ്പെടുന്ന 1557–ൽ സ്ഥാപിതമായ കൊച്ചി രൂപതയുടെ 36–ാമത് മെത്രാനായാണ് റവ. ഡോ .ആന്റണി കാട്ടിപ്പറമ്പിൽ സ്ഥനാമേൽക്കുന്നത്. കൊച്ചി രൂപതയിലെ മുണ്ടംവേലി സെന്റ് ലൂയീസ് ഇടവകയിൽ കാട്ടിപ്പറമ്പിൽ അഗസ്റ്റിൻ ജേക്കബ് – ട്രീസ ജേക്കബ് ദമ്പതികളുടെ 7 മക്കളിൽ ഇളയ മകനാണ് ഡോ. ആന്റണി കാട്ടിപ്പറമ്പിൽ. 1970 ഒക്ടോബർ 14നായിരുന്നു ജനനം. 1990–93 കാലയളവിൽ കാർമൽ ഗിരി സെമിനാരിയിൽ നിന്ന് ഫിലോസഫിയിൽ ബിരുദ പഠനം. പൂർത്തിയാക്കിയ ശേഷം വിദേശത്ത് തുടർ പഠനം ഉർബാനിയ യൂണിവേഴ്സിറ്റിയിൽ നിന്ന് തിയോളജിക്കൽ ബിരുദവും ബൈബിൾ അധിഷ്ഠിത ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും പൂർത്തിയാക്കി നാട്ടിൽ എത്തിയ അദ്ദേഹം1998 ഓഗസ്റ്റ് 15ന് മുണ്ടംവേലി ഇടവകയിൽ വച്ച് അന്നത്തെ ബിഷപ്പ് ഡോ. ജോസഫ് കുരീത്തറയിൽ നിന്ന് വൈദിക പട്ടം സ്വീകരിച്ചു. നിനക്ക് എന്റെ കൃപ മതി (2 കൊറി, 129) എന്ന

തിരുവചനങ്ങൾ ആപ്തവാക്യമായി ഏറ്റെടുത്താണ് അദ്ദേഹം വൈദികനാകുന്നത്. തുടർന്ന് കൊച്ചി രൂപതയിലെ വിവിധ ഇടവകകളിലും ഇറ്റലിയിലെ മിലാൻ, റോം എന്നീ രൂപതകളിലെ ചില ഇടവകകളിലും സേവനം അനുഷ്ഠിച്ചു. പിന്നീട് കാനോനിക നിയമത്തിൽ കൂടി ബിരുദാനന്തര ബിരുദമെടുത്തു. നാട്ടിലെത്തി കൊച്ചി രൂപത വിവാഹ കോടതിയുടെ ജുഡീഷ്യൽ വികാരിയായും കുമ്പളം സെൻ്റ് ജോസഫ് ഇടവക വികാരിയായും സേവനമനുഷ്ഠിച്ച വരുന്നതിനിടെയാണ് റോമിൽ നിന്ന് രൂപതാ മെത്രാനായി നിയമനം ലഭിക്കുന്നത്. സഭയെക്കുറിച്ചും സമൂഹത്തെക്കുറിച്ചും അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്. യുവജനതയെ വിശ്വാസത്തിന്റെ വഴികളിലേക്ക് കൂടുതൽ അടുപ്പിക്കുന്നതിന് കുടുംബങ്ങളിലെ കൂട്ടായ്മ അനിവാര്യമാണെന്ന് അദ്ദേഹം പറയുന്നു. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് അദ്ദേഹം നൽകിയ മറുപടികളിലൂടെ...

***19 മാസത്തെ കാത്തിരിപ്പിന് ശേഷം കൊച്ചി രൂപതയുടെ സാരഥ്യമേറ്റെടുക്കുമ്പോൾ പിതാവിന്റെ മനസ്സിൽ വിശ്വാസികളുടെ ആത്മീയ – ഭൗതിക വളർച്ചയ്ക്കായുള്ള ബ്ലൂ പ്രിന്റ് എന്താണ്?***

കുടുംബങ്ങളിൽ വിശ്വാസക്കുറവ് അനുഭവപ്പെടുന്നുണ്ട്. പഴയ തലമുറയിലെ കുടുംബാംഗങ്ങൾ ഒരുമിച്ച് പള്ളിയിൽ പോകാൻ കാണിക്കുന്ന താൽപര്യം പുതിയ തലമുറയ്ക്ക് കുറവാണ്. കരിയർ സംബന്ധിച്ച ആശങ്കകളാണ് അവരെ നയിക്കുന്നത് അവരെ എങ്ങനെ വിശ്വാസത്തോട് അടുപ്പിച്ച് നിർത്താൻ കഴിയും എന്ന ചിന്തയാണ് ഇപ്പോൾ എന്റെ മനസ്സിലുള്ളത്. ഞാൻ മുൻഗണന നൽകുന്ന കാര്യം ഇതാണ്. നമ്മുടെ യുവാക്കളെ പള്ളിയിലേക്കും വിശ്വാസത്തിലേക്കും എങ്ങനെ ചേർത്തു നിർത്താൻ കഴിയും. വിശ്വാസത്തിന് പ്രാധാന്യം ഉണ്ടെന്ന് അവർ മനസ്സിലാക്കണം. പലപ്പോഴും ലഹരിയിലേക്കും ആത്മഹത്യയിലേക്കും മറ്റും അവർ പോകുന്നത് ആഗ്രഹങ്ങൾ പൂവണിയാതെ പോകുമ്പോഴാണ്. ചെറിയ ബുദ്ധിമുട്ടുകളും തടസ്സങ്ങളും ജീവിതത്തിൽ വരുമ്പോൾ അതിനെ മറികടക്കാൻ അവർക്ക് കഴിയുന്നില്ല. അധ്വാനത്തിന്റെ വഴിയിലൂടെയുള്ള സന്തോഷത്തിലേക്ക് പോകാതെ തെറ്റായ വഴിയിലൂടെ സമ്പാദിക്കുന്നതിനനും സന്തോഷം ആഘോഷിക്കുന്നതിനും തയ്യാറാകുമ്പോൾ അവിടെ ദൈവത്തിന് സ്ഥാനം ഇല്ലാതെ പോകുന്നു.

***ഇന്നത്തെ കുടുംബാന്തരീക്ഷം പ്രശ്നങ്ങൾ നിറഞ്ഞതാണ്. കുടുംബങ്ങളിൽ വിശ്വാസതലത്തിലൂടെയുള്ള കെട്ടുറപ്പ് കൂടുതൽ ദൃഢമാക്കാൻ എന്തെങ്കിലും പദ്ധതികൾ മനസ്സിലുണ്ടോ?***

മക്കളുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കയും കുടുംബത്തിന് ആവശ്യത്തിന് അനുസരിച്ചുള്ള സാമ്പത്തിക സ്ഥിതി ഇല്ലായ്മയും അമിതമായ മീഡിയ ഉപയോഗവും പ്രശ്നമാണ്. കുടുംബത്തിൽ തന്നെ പരസ്പരം സംസാരിക്കാനും ആവശ്യങ്ങൾ അറിഞ്ഞ് പെരുമാറാനും മാതാപിതാക്കൾക്കും മക്കൾക്കും കഴിയുന്നില്ല. കുടുംബത്തിലെ ഒത്തൊരുമില്ലായ്മ ഇന്ന് കൂടുതലാണ്. അവരവർ അവരവരുടെ കാര്യങ്ങൾ നോക്കി മുന്നോട്ട് പോകുന്ന സ്ഥിതിയാണ്. മക്കളുടെ കാലഘട്ടത്തിൽ അവരുടെ തന്നെ അനുദിന ജീവിതത്തിന്റെ ആവശ്യത്തിന് വേണ്ടി അവർ ബുദ്ധിമുട്ടുന്നു. ഒരുമിച്ചുള്ള പ്രാർഥനയോ, ഭക്ഷണം കഴിക്കലോ ഇപ്പോൾ പല കുടുംബങ്ങളിലുമില്ല. പ്രാർഥനാ ചൈതന്യം നിറഞ്ഞ കുടുംബാന്തരീക്ഷം ഉണ്ടാകണം. കൂടുതൽ ദൈവാശ്രയ ബോധത്തിലേക്ക് മനുഷ്യരെ കൊണ്ടുവരാനുള്ള ശ്രമം നടത്തും.



***ഏതൊരു വിശ്വാസ സമൂഹത്തിലും വൈദിക–സന്യസ്ത–അൽമായ കൂട്ടായ്മകൾ ശക്തിപ്പെടേണ്ടതുണ്ട്. ഈ വഴിക്കുള്ള പുതിയ അജപാലന രീതികൾ പ്രതീക്ഷിക്കാമോ?***

തീർച്ചയായും വൈദികരെയും സന്യസ്തരെയും ഒരുമിച്ച് ചേർത്ത് ഒറ്റ കൂട്ടായ്മയിൽ കൂടെ നിർത്തുക എന്നതാണ് ഒരു ബിഷപ്പിന്റെ ഏറ്റവും വലിയ ദൗത്യം അതിന് എന്താണോ ആവശ്യമുള്ളത് അതെല്ലാം ചെയ്യും അൽമായരെ കൂടുതൽ ദൈവത്തിന്റെ വഴിയേ നടത്തുന്നതിനുള്ള ശ്രമത്തിന്റെ എന്റെ പ്രധാന ശക്തി വൈദികരും സന്യസ്തരുമാണ്. അവരെ കൂടുതൽ ചേർത്തു നിർത്തും എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ആദ്യ പരിഗണന നൽകും.

***വായനക്കാർക്കുള്ള സന്ദേശം?***

നമ്മൾ എല്ലാവരും ഓരോ കുടുംബങ്ങളിലെ അംഗങ്ങളാണ്. എത്ര ജോലിത്തിരക്ക് ആണെങ്കിലും എത്ര വലിയ ഉദ്യോഗമാണെങ്കിലും കഷ്ടപ്പാടോ ഒറ്റപ്പെടലുകളോ ഉണ്ടെന്ന് പറഞ്ഞാലും രാത്രിയായാൽ നമ്മൾ ആഗ്രഹിക്കുന്നത് വീട്ടിലെത്താനാണ്. നമ്മുടെ കംഫർട്ട് സോൺ കുടുംബമാണ്. കുടുംബത്തിലെ സമാധാനത്തിന് എന്തും വിട്ടുവീഴ്ചയും ചെയ്യാനുള്ള മനോഭാവം വേണം. പുറമേ ഉള്ളവരോട് ക്ഷമിക്കുകയും കുടുംബത്തിലുള്ളവരോട് ക്ഷമിക്കാതിരിക്കുകയും ചെയ്യുന്ന മനോഭാവം വച്ചുപുലർത്തുന്നവരുണ്ട്. പല കുറവുകളുള്ള വ്യക്തികളായാലും ക്ഷമയും വിട്ടുവീഴ്ചയും കരുതലും ആദ്യം കാണിക്കേണ്ടത് നമ്മുടെ കുടുംബത്തിലുള്ളവരോടാണ്. അതു കണ്ടാണ് നമ്മുടെ മക്കൾ വളരേണ്ടത്. അത്തരം കുടുംബങ്ങളിൽ പ്രാർഥനയും പരസ്പര വിശ്വാസവും ഉണ്ടാകും. അവിടെയാണ് ദൈവം വസിക്കുന്നത്. അങ്ങനെയുള്ള കുടുംബങ്ങളായി സമൂഹത്തിന് മാതൃകയാകാൻ നമുക്ക് കഴിയട്ടെ.

ബിഷപ്പ് ആന്റണി കാട്ടിപ്പറമ്പിൽ രക്ഷാധികാരിയായുള്ള കാട്ടിപ്പറമ്പിൽ ഫാമിലി അസോസിയേഷന്റെ സെക്രട്ടറി ആണ് ലേഖകൻ
കടപ്പാട്: മലയാള മനോരമ


അഭിവന്ദ്യ
ആന്റണി കാട്ടിപ്പറമ്പിൽ
പിതാവിന്
പ്രാർത്ഥനാശംസകൾ
ജേക്കബ് സാജൻ
കണ്ണച്ചമുറിയിലും
കുടുംബാംഗങ്ങളും
മുണ്ടംവേലി

# അഭിവന്ദ്യ
# ആന്റണി കാട്ടിപ്പറമ്പിൽ പിതാവിന്

## പ്രാർത്ഥനാശംസകൾ



**കോട്ടപ്പുറം രൂപതയുടെ**

**ബിഷപ്പ് റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിലും**

**ദൈവജനവും**



ഓർമ്മ / ആദരം


# ബൈബിൾ പ്രചാരണത്തിന്റെ മുഖ്യദൂതൻ

ഷിജു അച്ചാണ്ടി



തന്നിൽ ഏൽപിക്കപ്പെട്ട ദൗത്യം തന്റെ കാലത്തിനു ചേർന്ന വിധത്തിൽ, പ്രതിബദ്ധതയോടെ നിർവഹിച്ച ശേഷം, ആത്മസംതൃപ്തിയോടെ ജീവിതത്തിൽ നിന്നു വിട പറയുന്ന മനുഷ്യർ ഫാ. മൈക്കിൾ കാരിമറ്റത്തെ പോലെ അധികമുണ്ടാകില്ല. ബൈബിളാണ് അദ്ദേഹം പഠിച്ചത്. ബൈബിൾ പ്രേഷിതത്വമാണ് അദ്ദേഹം നിർവഹിച്ചത്. ആ നിർവഹണത്തിനു വലിയ മുൻമാതൃകകൾ കേരളത്തിൽ ഇല്ലായിരുന്നു. പക്ഷേ, തലമുറകൾക്കനുകരിക്കാവുന്ന മാതൃക സൃഷ്ടിച്ചുകൊണ്ടാണ് അദ്ദേഹം വിട പറഞ്ഞത്. എൺപതുകളിൽ, ടെലിവിഷനു മുമ്പ്, ചിത്രകഥകളായിരുന്നു കുട്ടികളുടെ മുഖ്യമായ ഒരു വിനോദോപാധി. വെറും വിനോദത്തിനു പുറമെ വലിയ സാംസ്കാരികവിദ്യാഭ്യാസവും ചിത്രകഥാപുസ്തകങ്ങളിലൂടെ അരങ്ങേറി. പുരാണങ്ങളും ക്ലാസിക്കുകളും ജനപ്രിയ സാഹസകഥാപാത്രങ്ങളുമെല്ലാം ചിത്രകഥകളിലൂടെ ബാലമനസ്സുകളിൽ അമരത്വം നേടി.

ഇതൊരു വലിയ സാധ്യതയാണെന്നു മനസ്സിലാക്കിയ ഫാ. മൈക്കിൾ കാരിമറ്റം ബൈബിളിലെ പുസ്തകങ്ങൾ ചിത്രകഥാരൂപത്തിൽ പുനരാഖ്യാനം ചെയ്ത് അവതരിപ്പിക്കാൻ തുടങ്ങി. ആർടിസ്റ്റ് ദേവസി മൂക്കന്നൂർ അദ്ദേഹത്തിന് ചിത്രങ്ങളിലൂടെ അമൂല്യമായ പിന്തുണ നൽകി. അവർ രണ്ടുപേരും ചേർന്ന് ആവിഷ്കരിച്ച പഴയ നിയമത്തിലെ പ്രവാചകന്മാരുടെയും രാജാക്കന്മാരുടെയും ജനതതികളുടെയും ജീവിതങ്ങൾ എൺപതുകളിൽ ബാല്യം പിന്നിട്ടവരുടെ ഓർമകളിൽ ഇന്നും അവശേഷിക്കുന്നു. പതിറ്റാ





ണ്ടുകൾക്കിപ്പുറത്ത്, കുട്ടികൾക്ക് അത്യാധുനികമായ അനേകം വിനോദമാർഗങ്ങൾ സ്വന്തം കൈയിൽ ലഭ്യമായിട്ടുകൂടിയും ഈ ചിത്രകഥകളുടെ പുനഃപ്രസിദ്ധീകരണം വ്യാപകമായി സ്വീകരിക്കപ്പെട്ടു. കാലത്തെ അതിജീവിക്കാൻ കഴിയുന്ന തരത്തിൽ അത്രമാത്രം മികവോടെ സൃഷ്ടിക്കപ്പെട്ടതായിരുന്നു ആ ചിത്രകഥകൾ. ചൈനീസ് ഉൾപ്പെടെ വിവിധ ഭാഷകളിലേക്ക് അവ ഭാഷാന്തരം ചെയ്തു പ്രചരിക്കപ്പെടുകയും ചെയ്തു. അവ ഇനിയും അനേകം നാട്ടുകളിലെ അനേകം തലമുറകളിലെ കുട്ടികളെയും മുതിർന്നവരെയും ആ ക ർ ഷി ച്ചു കൊ ണ്ടി രി ക്കും എന്നതു തീർച്ചയാണ്.

ബൈബിൾ ചിത്രകഥകളുടെ രചയിതാവ് എന്ന വിശേഷണത്തിലേക്ക് ഫാ. മൈക്കിൾ കാരിമറ്റത്തെ ചെറുതാക്കുകയല്ല ഇവിടെ. ബൈബിളും ബൈബിൾ സന്ദേശവും ജനകീയമാക്കുക എന്ന ലക്ഷ്യസാധ്യത്തിനായി അന്നു തനിക്കു ലഭ്യമായിരുന്ന ഏറ്റവും കാലാനുസൃതമായ മാർഗം സ്വീകരിക്കുകയും ഏറ്റവും ഭാവനാപൂർവകമായി ഉപയോഗപ്പെടുത്തുകയും ചെയ്തതിൽ അദ്ദേഹം പ്രകടിപ്പിച്ച ദീർഘദർശനവും പ്രാഗത്ഭ്യവും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ അന്തർലീനമായ സവിശേഷതയായിരുന്നു. അത് മറ്റു തലങ്ങളിലും അദ്ദേഹം പ്രകടമാക്കി. അതിന്റെയെല്ലാം പ്രയോജനം സിദ്ധിച്ചത് മലയാളബൈബിളിനും കേരളസഭയ്ക്കും ആയിരുന്നു.

തലശ്ശേരി അതിരൂപതാ വൈദികനായിരുന്ന ഫാ. മൈക്കിൾ കാരിമറ്റം 1979 ലാണ് പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു ഉന്നതബിരുദം നേടിയത്. ബൈബിൾ വിജ്ഞാനീയത്തിൽ കത്തോലിക്കാസഭയുടെ പരമോന്നതവിദ്യാകേന്ദ്രമായ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉന്നതപദവികളിൽ തന്നെ പിന്നീടു മലയാളികൾ എത്തിയിട്ടുണ്ടെങ്കിലും അതൊക്കെ ഈ സഹസ്രാബ്ദത്തിലാണ്. അവിടെ നിന്ന് പഠിച്ചിറങ്ങിയ മലയാളികളിൽ പ്രഥമഗണനീയനാണ് ഫാ. മൈക്കിൾ.

അവിടെ വചനം പഠിക്കാൻ ലഭിച്ച അവസരത്തോടും അതിന് നിയോഗിച്ച തന്റെ രൂപതയോടും കേരളസഭയോടുമുള്ള ഉത്തരവാദിത്വം ഫാ. മൈക്കിൾ തന്റെ ജീവിതം കൊണ്ടും അധ്വാനം കൊണ്ടും നിറവേറ്റുന്നതാണ് തുടർന്നുള്ള അദ്ദേഹത്തിന്റെ ജീവിതം. 1980 മുതൽ കെ സി ബി സി യുമായി സഹകരിച്ചു മലയാളം ബൈബിൾ വിവർത്തനത്തിനുള്ള




സംഘത്തിൽ അദ്ദേഹം പ്രവർത്തിച്ചു. തുടർന്നാണ് തലശ്ശേരി അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടറായി നിയമിതനായത്. 15 വർഷം ആ സ്ഥാനം വഹിച്ചുകൊണ്ടു ചെയ്ത സേവനം തലശ്ശേരി രൂപതയ്ക്കെന്ന പോലെ കേരളത്തിനാകെയും പ്രയോജനപ്പെട്ടു. ഇടവകകൾ തോറുമുള്ള ബൈബിൾ കൺവെൻഷനുകൾ, ബൈബിൾ സിനിമകളുടെ പ്രദർശനം എന്നിവയെല്ലാം ബൈബിൾ പ്രചാരണത്തിനുള്ള അക്കാലത്തെ പുതുമയുള്ള സംരംഭങ്ങളായിരുന്നു. അവ മലബാറിലെയും മറ്റിടങ്ങളിലെയും ഗ്രാമാന്തരങ്ങളിലേക്കു വചനത്തിന്റെ വെളിച്ചം പരത്തി.

പിന്നീട് ഫാ. മൈക്കിൾ, മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളേജിന്റെ പ്രിൻസിപ്പലായി നിയമിതനായി. കത്തോലിക്കാസഭയെ സംബന്ധിച്ച് അതും തികച്ചും നവീനമായ ഒരാശയത്തിന്റെ ആവിഷ്കാരമായിരുന്നു. അൽമായർക്കു ബൈബിളിന്റെ ആഴങ്ങളിലേക്കു പോകാനും ഔപചാരികമായി പഠിക്കാനും കഴിയുന്ന ഒരവസരമാണ് അവിടെ സൃഷ്ടിക്കപ്പെട്ടത്. ആയിരക്കണക്കിനാളുകൾ അവിടെ ബൈബിൾ പഠിച്ചു. രണ്ടായിരമാണ്ടിലുണ്ടായ ഒരു ആരോഗ്യപ്രതിസന്ധിയെ അച്ചൻ വിജയകരമായി നേരിട്ടു. മേരിമാതാ മേജർ സെമിനാരിയിൽ ബൈബിൾ പ്രൊഫസറായി നിയമിതനായി. ആ ജോലി ചെയ്തുകൊണ്ട് അച്ചൻ തന്റെ ബൈബിൾ പ്രേഷിതത്വം അസാമാന്യമായ കരുത്തോടെ വീണ്ടും തുടർന്നു. അപ്പോഴേക്കും കേരളത്തിൽ ടെലിവിഷൻ മാധ്യമവും സ്മാർട് ഫോണുകളും സോഷ്യൽ മീഡിയായും വ്യാപകമാകാൻ തുടങ്ങിയിരുന്നു. ആ സാധ്യത ഉപയോഗിച്ചുകൊണ്ട്, ആയിരകണക്കിനു ബൈബിൾ ക്ലാസുകൾ വീഡിയോ രൂപത്തിൽ അദ്ദേഹം ലഭ്യമാക്കി. ആയിരക്കണക്കിനു ലേഖനങ്ങളുടെ രചനയും ഇതിനിടയിൽ നിർവഹിച്ചു. നൂറിലേറെ പുസ്തകങ്ങളും പുറത്തിറങ്ങി. ഒടുവിൽ കർമബഹുലമായിരുന്ന തന്റെ ജീവിതം അന്ത്യത്തോട് അടുക്കുകയാണെന്ന് സ്വബോധത്തോടെ അദ്ദേഹം തിരിച്ചറിഞ്ഞു. നിത്യയാത്രക്ക് അദ്ദേഹം ഒരുങ്ങി. യാത്രാമൊഴി രേഖപ്പെടുത്തി. യാത്രയായി. കേരളസഭ ഒരിക്കലും ഫാ. മൈക്കിൾ കാരിമറ്റത്തെ മറക്കുകയില്ല. ❍




# കരുതലോടെ, കൈപിടിച്ച് 'സഹൃദയ' മുന്നോട്ട്

ജീസ് പോൾ



അതിരൂപതയിലെ ഇടവകകളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടിരുന്ന ജീവകാരുണ്യ, സാമൂഹ്യക്ഷേമ പ്രവർത്ത നങ്ങളെ ഏകോപിപ്പിക്കുന്നതിനായി വെൽഫെയർ സർവീസസ് എറണാകുളം രജിസ്റ്റർ ചെയ്യപ്പെട്ടത് 1965 ലായി രുന്നു. കാലഘട്ടത്തിന്റെ ആവശ്യങ്ങളെ കണ്ടറിഞ്ഞ് സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക, പാരിസ്ഥിതിക മേ ഖലകളിൽ ജനകീയമായ മുന്നേറ്റങ്ങൾക്ക് സഹൃദയ നേതൃത്വം നൽകി. സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ പശുവളർത്തൽ ഇന്ന് വളർന്ന് പി.ഡി. ഡി. പി. എന്ന പ്രസ്ഥാനമായി മാറിക്കഴിഞ്ഞു. ഭവനമില്ലാ ത്തവർക്കായി തൃക്കാക്കരയിൽ നടപ്പാക്കിയ കാർഡിനൽ നഗർ ഭവന പദ്ധതിയാണ് സർക്കാരിന്റെ ലക്ഷം വീട് പദ്ധതിക്ക് മാതൃകയായത്. വൈപ്പിൻ കരയിലും മറ്റ് ജലക്ഷാമമേഖലകളിലും നടപ്പാക്കിയ മഴവെള്ള സംഭരണ പദ്ധതി സർക്കാരിന്റെ വർഷ എന്ന പദ്ധതിക്കും മാതൃകയായി. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പ്രവർത്ത നങ്ങൾക്കും ഊർജ്ജസംരക്ഷണമേഖലയിലെ പ്രവർത്തനങ്ങൾക്കും സംസ്ഥാന സർക്കാരിൽ നിന്നും പുരസ്കാര വും ലഭിച്ചിട്ടുണ്ട്.







ഇൻഷുറൻസ് പദ്ധതികളെ ജനകീയമാക്കിയതിനുള്ള അംഗീകാരവും ലഭിച്ചു. സുനാമി, ഓഖി ദുരന്തങ്ങളിലും മഹാപ്രളയകാലത്തും, കോവിഡ് കാലത്തും ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങളു മായി സജീവമായിരുന്ന സഹൃദയ വയനാട് ദുരന്തബാധിതർക്കായി നടപ്പാക്കുന്ന ഭവന പദ്ധതി പൂർത്തിയായി വരുന്നു. മാലിന്യസംസ്കരണ രംഗത്തും സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിലും കേന്ദ്ര, സംസ്ഥാന സർക്കാരുക ളുടെ അംഗീകൃത ഏജൻസിയായും സഹൃദയ പ്രവർത്തിക്കുന്നു. വനിതകൾക്കും ഭിന്നശേഷിക്കാർക്കും വയോ ജനങ്ങൾക്കുമായി അയ്യായിരത്തിലേറെ സ്വയം സഹായസംഘങ്ങൾ വഴി സ്വയം തൊഴിൽ പരിശീലനങ്ങളും സാമ്പത്തിക സാക്ഷരതാ കാമ്പയിനുകളും സംഘടിപ്പിക്കുന്നു. ന്യൂറോ ഡൈവർജന്റ് ആയ വ്യക്തികൾക്കുള്ള ഐ.ടി. പരിശീലന പരിപാടികൾ വിപ്ലവകരമായ മാറ്റങ്ങളാണ് ഭിന്നശേഷിമേഖലയിൽ കൊണ്ടുവന്നത്. ജൂബിലി വർഷത്തിൽ ഭവനരഹിതരായ 60 കുടുംബങ്ങൾക്ക് വീടുകൾ നൽകുന്നത് കൂടാതെ ഭിന്നശേഷിക്കാർക്കായി മൾട്ടി ഫെസിലിറ്റി സെന്ററും വൈകല്യങ്ങൾ നേരത്തെ കണ്ടുപിടിച്ച് ചികിത്സ നൽകാനാവുന്ന ഏർലി ഇന്റർ വെൻഷൻ സെന്ററും ആരംഭിക്കുന്നു.❍





# വമ്പന്മാർക്ക് കോടികളുടെ വായ്പ പാവങ്ങൾക്ക് ജപ്തിയും ഭീഷണിയും

വാർത്ത

**ആന്റണി ചടയംമുറി**

വയനാട് ഉരുൾപൊട്ടലിൽ ജീവിതം നിശ്ചലമായിപ്പോയ മനുഷ്യരെ എല്ലാവരും മറന്ന മട്ടാണ്. കേരളാ കത്തോലിക്കാ മെത്രാൻ സമിതിയുടെ വിലങ്ങാട്ട് നടക്കുന്ന ദുരിതബാധിതർക്കുള്ള ഭവനനിർമ്മാണം ത്വരിതഗതിയിൽ മുന്നേറുന്നതൊഴിച്ചാൽ, മറ്റ് പാർപ്പിട നിർമ്മാണ പദ്ധതികളെല്ലാം പല തരത്തിലുള്ള തടസ്സങ്ങൾ നേരിടുന്നുണ്ട്. പല ഉദ്യോഗസ്ഥരും ദുരിതാശ്വാസ പദ്ധതികളുടെ ഗുണഫലങ്ങൾ ദുരിതബാധിതർക്ക് എത്തിച്ചുകൊടുക്കുവാൻ ജാഗ്രത കാണിക്കുന്നില്ലെന്നാണ് പരാതി. വെറും സാങ്കേതികത്വത്തിന്റെയും രാഷ്ട്രീയ വേർതിരിവുകളുടെയും പേരിൽ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായി ദുരന്തബാധിതർ തന്നെ വിളിച്ചു പറയുന്നു. ഉദാഹരണം പറയാം: ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിലെ ജനങ്ങൾ 12 ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ളത് 3220 വായ്പകളാണ്. മൊത്തം 353 കോടി രൂപ വരുന്ന ഈ വായ്പകൾ, കേരളാ ഹൈക്കോടതി കടുത്ത ഭാഷയിൽ വിമർശിച്ചിട്ടും എഴുതിത്തള്ളാൻ കേന്ദ്രം തയ്യാറായിട്ടില്ല. കാർഷിക വായ്പയെടുത്തവരുടെ കൃഷിഭൂമി ഉരുൾപൊട്ടലിൽ ഒലിച്ചുപോയിട്ടും, അവരുടെ വിലാപം കേൾക്കാൻ ഭരണകൂടം സന്നദ്ധരല്ല. കോർപ്പറേറ്റുകൾക്ക് പൊതു മേഖലാബാങ്കുകൾ നിസ്സാര പലിശയ്ക്കു വായ്പകൾ നൽകുമ്പോൾ, കർഷകരുടെ നെല്ലിന്റെ വില പോലും, അവർക്ക് വായ്പയായി നൽകുന്ന സാമ്പത്തിക സമ്പ്രദായങ്ങളാണ് ഇന്ന് രാജ്യത്തുള്ളത്. ബാങ്കുകളുടെ കിട്ടാക്കട പട്ടികയിൽ 88 ശതമാനവും 5 കോടി രൂപയ്ക്കു മുകളിൽ വായ്പയെടുത്തവരാണ്. കുടിശ്ശികക്കാരായ 100 പേർ തിരിച്ചടയ്ക്കാതെ ബാങ്കുകളെ കബളിപ്പിച്ചിട്ടുള്ളത് 4,46,158 കോടി രൂപയാണ്!


ചിന്ത

പൊതുജനത്തെ സാമ്പത്തികമായി ഭാരപ്പെടുത്തി, ഏതു വിധേനയും ബാങ്കുകളെ രക്ഷിക്കാൻ ശ്രമിക്കുന്നത് ഒരു സാമ്പത്തിക സമ്പ്രദായത്തിന്റെ കേവലമായ അധികാരത്തെ വീണ്ടും ഉറപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. ഭാവിയില്ലാത്ത അധികാരമാണത്.

**ഫ്രാൻസിസ് പാപ്പ (കർത്താവേ അങ്ങേയ്ക്ക് സ്തുതി പേജ് 151 )**


Prayerful
Greetings
and
Best Wishes to
Bishop Antony
Kattiparambil
From
Superior General and Sisters
MSST
MY VOCATION IS LOVE
Missionary Sisters of
St Therese of Infant Jesus
Umayanalloor, Kollam

VATHICAN THARANGAM
RN 55178/94
Total Pages 40 Date of Publication 31-10-2025




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurakkal.